കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം

e-mail: lfadtvm@yahoo.in, dotvm.ksad@kerala.gov.in

# അഞ്ചുതെങ്ങ് ഗ്രാമപഞ്ചായത്ത് ഓഡിറ്റ് റിപ്പോർട്ട് 2018-19

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.8.491/2020 കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം

തീയതി 19.05.2020

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന).

അഞ്ചുതെങ്ങ് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം :അഞ്ചുതെങ്ങ് ഗ്രാമപഞ്ചായത്ത് -2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് -

സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത്രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം **അഞ്ചുതെങ്ങ് ഗ്രാമപഞ്ചായത്തിന്റെ 2018-19** സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം അഞ്ചുതെങ്ങ് ഗ്രാമ പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ ഗ്രാമപഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഒപ്പ്

**ഡെപ്യൂട്ടി ഡയറക്ടർ**

**പകർപ്പ് :**

**1)** കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

**2)** പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം

**3)** കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.8.491/2020 തീയതി 19.05.2020

**തിരുവനന്തപുരം ജില്ലയിലെ അഞ്ചുതെങ്ങ് ഗ്രാമപഞ്ചായത്തിന്റെ 2018-19സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.**

**(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)**

തിരുവനന്തപുരം ജില്ലയിലെ **അഞ്ചുതെങ്ങ് ഗ്രാമപഞ്ചായത്തിന്റെ 2018-19** സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 1-04-2018 മുതൽ 31-03-2019 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 40 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 36 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം.**

| | | | |
|---|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | ശ്രീ എം ഷാജഹാൻ, ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 10-03-2020മുതൽ 20-03-2020 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | : | ശ്രീമതി വാലന്റീന എം | ഓഡിറ്റ് ഓഫീസർ |
| | | ശ്രീമതി ബിന്ദു ഒ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | | ശ്രീ.വിനോദ്.എസ് | സീനിയർ ഗ്രേഡ് ഓഡിറ്റർ |

| | | | |
|---|---|---|---|
| | | ശ്രീ അരുൺ ദേവ് വി ആർ | ഓഡിറ്റർ |

**(ബി) നിർവഹണാധികാരികൾ**

| | പേര് | കാലയളവ് |
|---|---|---|
| **പ്രസിഡന്റ്** | ശ്രീ.ക്രിസ്റ്റി സൈമൺ | 01-04-2018 മുതൽ 31-03-2019വരെ |
| **സെക്രട്ടറി** | ശ്രീമതി.ഓമന ദേവദാസ് | 01-04-2018 മുതൽ 20-06-2018 വരെ |

**നിർവ്വഹണോദ്യോഗസ്ഥർ**

| നിർവഹണോദ്യോഗസ്ഥർ | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ. ഷംനാദ് ജെ | 1-04-2018 മുതൽ 29-01-2019 വരെ |
| | ശ്രീമതി മുംതാസ് ബീഗം | 30-01-2019 മുതൽ 06-03-2019 വരെ |
| | ശ്രീമതി സുജ വി | 06-03-2019 മുതൽ 31-03-2019 വരെ |
| മെഡിക്കൽ ഓഫീസർ (സി. എച്ച്. സി) | ഡോ.ശ്യാംജി വോയ്സ് | 1-04-2018 മുതൽ 31-03-2019 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ. റസീന ബീവി | 1-04-2018 മുതൽ 11-07-2018 വരെ |
| | ഡോ. എസ് ആർ രാജി | 12-07-2018 മുതൽ 31-03-2019 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ. തങ്ക ആർ | 1-04-2018 മുതൽ 31-03-2019വരെ |
| വെറ്റിനറി സർജൻ | ഡോ. ഷിജ്ജു എസ് വി | 1-04-2018 മുതൽ 31-03-2019 വരെ |
| വി.ഇ.ഒ | ശ്രീ വിനോദ് റ്റി | 1-04-2018 മുതൽ 31-03-2019വരെ |
| കൃഷി ഓഫീസർ | ശ്രീമതി രാഖി | 1-04-2018 മുതൽ 28-12-2018 വരെ |
| | ശ്രീമതി ലക്ഷ്മി ഭാസി | 29-12-2018 മുതൽ 31-03-2019 വരെ |
| ICDS സൂപ്പർവൈസർ | ശ്രീമതി ജ്യോതി ജയറാം | 1-04-2018 മുതൽ 19-07-2018 വരെ |
| | ശ്രീമതി ബിന്ദു ജെ എസ് | 20-07-2018 മുതൽ 31-03-2019 വരെ |
| എച്ച്.എം, എ എം ജി എൽ പി എസ് | ശ്രീമതി ജി ആർ ഗീത | 1-04-2018 മുതൽ 31-03-2019 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി മഞ്ജു വി | 01-04-2018 മുതൽ 01-07-2018 വരെ |
| | ശ്രീമതി സുസ്മിത | 02-07-2018 മുതൽ 31-03-2019വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ എം ഫൈസൽ | 1-04-2018 മുതൽ 31-03-2019 വരെ |

**ഉള്ളടക്കം**

| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|

| | ഓഡിറ്റ് റിപ്പോർട്ട് | |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷികകണക്കുകളിലെ അപാകതകൾ | 1-11 |
| 12 | ബജറ്റ് രൂപീകരണം -നടപടിക്രമം പാലിച്ചില്ല | 1-12 |
| 13 | രസീത് ബുക്കുകളുടെ പരിപാലനത്തിൽ അപാകങ്ങൾ | 1-13 |
| 14 | ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് - അപാകങ്ങൾ | 1-14 |
| 15 | കെട്ടിടത്തിന്റെ ഇനം മാറുന്നതിനനുസരിച്ച് സഞ്ചയയിൽ മാറ്റം വരുത്തിയിട്ടില്ല. | 1-15 |
| 16 | സ്വകാര്യ ആശുപത്രി രജിസ്ട്രേഷൻ നടത്താതെ പ്രവർത്തിക്കുന്നു. | 1-16 |
| 17 | സംയുക്ത പരിശോധന നടത്തി വെള്ളക്കരം പുതുക്കി നിശ്ചയിക്കണം | 1-17 |
| 18 | പത്രപരസ്യങ്ങൾക്ക് ഡിസ്കൗണ്ട് നേടിയെടുത്തില്ല | 1-18 |
| 19 | സംയുക്തപ്രോജക്ട് വിഹിതം നൽകിയതിലെ അപാകത | 1-19 |
| 20 | വിനിയോഗ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയില്ല – ചെലവ് തുക തടസ്സം ചെയ്യുന്നു | 1-20 |
| 21 | പഞ്ചായത്ത് ഓഫീസിന് ISO സർട്ടിഫിക്കേഷൻ – കൺസൾട്ടിംഗ് ഫീ തുക വകമാറ്റി ചെലവഴിച്ചു | 1-21 |
| 22 | സോളാർ പ്ലാന്റ് സ്ഥാപിക്കൽ - തുടർ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ് | 1-22 |
| 23 | പൈപ്പ് ലൈൻ നീട്ടലും ഫൗണ്ടൻ സ്ഥാപിക്കലും - പ്രവൃത്തി പൂർത്തീകരിക്കേണ്ടതാണ് | 1-23 |
| | | |

| | | |
|---|---|---|
| 24 | തെരുവുനായ്ക്കളുടെ വന്ധ്യംകരണം പദ്ധതി - അപാകങ്ങൾ | 1-24 |
| 25 | കറവപശുക്കൾക്ക് കാലിത്തീറ്റ - ഗുണഭോക്തൃ ലിസ്റ്റിലില്ലാത്തവർക്ക് ആനുകൂല്യം നൽകി | 1-25 |
| 26 | പ്രാദേശിക നിരീക്ഷണമില്ലാത്ത പദ്ധതി-പഞ്ചായത്ത് ഓഫീസ് മട്ടുപ്പാവിലേക്ക് ഇരുമ്പ് ഗോവണി ജീർണാവസ്ഥയിൽ | 1-26 |
| 27 | കമ്പിവേലി കെട്ടൽ - എം ബുക്കിലെ അളവ് സ്ഥലപരിശോധനയിൽ കണ്ടില്ല. | 1-27 |
| 28 | ചെയ്യാത്ത പ്രവൃത്തിക്ക് പ്രതിഫലം നൽകി. | 1-28 |
| 29 | പ്ലാൻ, എസ്റ്റിമേറ്റ് എന്നിവയിൽ നിന്നും വ്യതിചലിച്ച് കോസ്റ്റൽ റഗുലേഷൻ സോണിൽ ഇന്റർലോക്കിംഗ് | 1-29 |
| 30 | അങ്കണവാടി സംരക്ഷണം - പാകിയ ടൈലുകൾ ഇളകിയ നിലയിൽ | 1-30 |
| 31 | പ്രോജക്ടുകൾ വ്യാപകമായി റിവൈസ് ചെയ്യുന്നു. | 1-31 |
| 32 | മത്സ്യതൊഴിലാളികൾക്ക് കട്ടമരം പ്രോജക്ട് - മാർഗ്ഗ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല. | 1-32 |
| 33 | ഹരിത ഭവനം - മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല. | 1-33 |
| 34 | ആവശ്യകതാ നിർണ്ണയം കൂടാതെയുള്ള പ്രോജക്ട് രൂപീകരണം-ഫണ്ട് വിനിയോഗം നടക്കുന്നില്ല. | 1-34 |
| 35 | ലൈഫ് ഭവന പദ്ധതി മുഴുവൻ ഗുണഭോക്താക്കളും ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. | 1-35 |
| 36 | വെൻഡിംഗ് മെഷീൻ - ഇൻസ്റ്റലേഷൻ വിവരം ലഭ്യമാക്കിയില്ല. | 1-36 |
| 37 | കേടായ മരുന്നുകൾക്ക് പകരം മരുന്ന് ലഭ്യമാക്കിയിട്ടില്ല. | 1-37 |
| | ഭാഗം 2 | |
| | **വരവ്- വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| | **ഇല്ല** | |
| | ഭാഗം 3 | |
| | **ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| | **ഇല്ല** | |
| | ഭാഗം 4 | |
| | **പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും** | |
| 38 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം | 4-1 |

| | | |
|---|---|---|
| | നൽകിയതിന്റെ വിവരം | |
| 39 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 40 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 41 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 42 | വായ്പ / വായ്പ തിരിച്ചടവ് | 4-5 |
| 43 | സ്ഥിര നിക്ഷേപം | 4-6 |
| 44 | ഓഡിറ്റ് റിക്കവറി | 4-7 |
| 45 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 46 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 47 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 48 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |


# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

2018-19 സാമ്പത്തിക വർഷത്തെ ബജറ്റ് 20-03-2018 തീയതിയിലെ (1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-19 | 29-04-2019 | - | - |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 3399737 |
| വരവ് | 58824362 |
| ആകെ | 62224099 |

| | |
|---|---|
| ചെലവ് | 58394921 |
| നീക്കിയിരിപ്പ് | 3829178 |

# 1-4 ഫണ്ട് വിനിയോഗം

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട് ജനറൽ | 0 | 20159451 | 20159451 | 20159451 | 0 |
| വികസന ഫണ്ട് എസ്.സി.പി | 0 | 2366000 | 2366000 | 2366000 | 0 |
| മെയിന്റനൻസ് ഫണ്ട് റോഡ് | 0 | 5324472 | 5324472 | 5324472 | 0 |
| മെയിന്റനൻസ് ഫണ്ട് നോൺ റോഡ് | 0 | 4463000 | 4463000 | 4463000 | 0 |
| സെന്റട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 0 | 9068091 | 9068091 | 9068091 | 0 |
| ട്രഷറി തനത് ഫണ്ട് | 61444 | 8302508 | 8363952 | 7086175 | 1277777 |
| എസ്.ബി.ഐ തനത് ഫണ്ട് | 3277271 | 8371030 | 11648301 | 9168808 | 2479493 |
| എം.എൻ.ആർ.ഇ.ജി.എസ് | 5547 | 550570 * | 556117 | 535301 | 20816 |
| ബി ഫണ്ട് | 0 | 219240 | 219240 | 219240 | 0 |
| ക്യാഷ് | 55475 | 51092 | 106567 | 55475 | 51092 |

*NREGS Incentive തുകയായ 31000/- രൂപയും(RP-7) തിരികെ വന്ന 1000/- രൂപയും (RP -36) ഉൾപ്പെട്ട തുക.

# 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 143 | 72870256 | 114 | 46811297 | 0 | 29 | 79.72% |

# 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 5547 | 550570 | 556117 | 535301 | 20816 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 33507074 | 33507074 | 33507074 | 0 |
| ആകെ | 5547 | 34057644 | 34063191 | 34042375 | 20816 |

# 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 129240 | 76 |
| കർഷകതൊഴിലാളി പെൻഷൻ | 70400 | 6 |
| വിധവാ പെൻഷൻ | 9507800 | 844 |
| വാർദ്ധക്യകാലപെൻഷൻ | 19661000 | 1692 |
| വികലാംഗ പെൻഷൻ | 3999300 | 344 |
| വിവാഹധനസഹായം | 90000 | 3 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ളപെൻഷൻ | 386900 | 33 |

# 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 10-03-2020-ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി.

പരിശോധനയിൽ 5450/-രൂപ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഒരു സ്ഥാപനത്തിന്റെ വളർച്ചയുടെ പ്രഥമ ഘടകം കുറ്റമറ്റ ആഭ്യന്തര നിയന്ത്രണസംവിധാനം ആണ്. പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണസംവിധാനം ഇനിയും ഏറെ മെച്ചപ്പെടേണ്ടതുണ്ട്. രജിസ്റ്ററുകളുടേയും വിവരശേഖരണ സംവിധാനങ്ങളുടെയും കാലികമായും കൃത്യമായുമുള്ള സൂക്ഷിപ്പ് ഭരണസമിതി ഉദ്യോഗസ്ഥതലങ്ങളിൽ പ്രത്യേക ശ്രദ്ധ ഊന്നേണ്ട വിഷയമാണ്.

ട്രേഡ്സ് രജിസ്റ്റർ കാലികമാക്കി തയ്യാറാക്കി സൂക്ഷിക്കാത്തത് സ്ഥാപനത്തിന്റെ വരുമാന വർദ്ധനവിനെ ബാധിക്കുന്നു. സമയപരിധിക്കുള്ളിൽ ലൈസൻസ് പുതുക്കാത്തതും കെട്ടിടത്തിന്റെ ഇനം മാറുന്നതിനനുസരിച്ച് സഞ്ചയയിൽ മാറ്റം വരുത്താത്തതും അടിയന്തരമായി പരിഹരിക്കപ്പെടേണ്ടതാണ്. സ്വകാര്യ ആശുപത്രി രജിസ്ട്രേഷൻ കൂടാതെ പ്രവർത്തിക്കുന്നത് ഗുരുതര വീഴ്ചയായി കാണുന്നു.

സംയുക്ത പരിശോധന നടത്തി വെള്ളക്കരം പുതുക്കി നിശ്ചയിക്കുന്നതിനും പത്രപരസ്യങ്ങൾക്ക് ഡിസ്കൗണ്ട് നേടിയെടുക്കുന്നതിനും ശ്രദ്ധ പുലർത്തേണ്ടതാണ്.

അസിസ്റ്റന്റ് എഞ്ചിനീയറുടെ നിർവഹണത്തിൽ നടപ്പാക്കേണ്ട പ്രോജക്ടുകൾ വ്യാപകമായി റിവൈസ് ചെയ്യുന്നതും പ്രാദേശിക നിരീക്ഷണമില്ലാതെ പദ്ധതികൾ നടപ്പിലാക്കുന്നതും കോസ്റ്റൽ റഗുലേഷൻ സോണിൽ പ്രവൃത്തി നിർവഹിക്കുന്നതും നിരുത്സാഹപ്പെടുത്തേണ്ടതുണ്ട്.

തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ ഇ7/11350/2015/സി.ഇ/ തസ്വഭവ/ തീയതി.19.01.2017 പ്രകാരം സൂക്ഷിക്കേണ്ടുന്നതായി നിർദ്ദേശിച്ചിട്ടുള്ള ചുവടെ ചേർക്കുന്ന രജിസ്റ്ററുകൾ നിർവ്വഹണോദ്യോഗസ്ഥയായ അസി.എഞ്ചിനീയർ പരിപാലിച്ചിട്ടില്ല.

**1.** കരാറുകാരുടെ രജിസ്ട്രേഷൻ രജിസ്റ്റർ

**2.** എസ്റ്റിമേറ്റ് രജിസ്റ്റർ

**3.** എം.ബുക്ക് രജിസ്റ്റർ

**4.** വെൽഫെയർ ഫണ്ട് രജിസ്റ്റർ

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 20-11-2019 | ഒക്ടോബർ 2019 | 20-11-2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 9-10-2018 | 2008-09 മുതൽ 2012-13 വരെ | 4-1-2019 |

# 1-11 വാർഷികകണക്കുകളിലെ അപാകതകൾ

നം.കെ.എസ്.എ/റ്റി.വി.എം/ജി.പി.8.1129/2019, തീയതി 19.08.2019 പ്രകാരം പുറപ്പെടുവിച്ച വാർഷിക ധനകാര്യപത്രികയുടെ സാക്ഷ്യപത്രത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള പരാമർശങ്ങൾ ഒഴികെ മറ്റ് അപാകതകൾ ഒന്നും ഇല്ല.

# 1-12 ബജറ്റ് രൂപീകരണം -നടപടിക്രമം പാലിച്ചില്ല

1994-ലെ കേരള പഞ്ചായത്ത്‌രാജ് ആക്ട്, വകുപ്പ് 214 ഉപവകുപ്പ് (1) പ്രകാരം സർക്കാർ അതതു സമയം പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും നിർണ്ണയിക്കപ്പെടുന്ന ചട്ടങ്ങൾക്കും വിധേയമായാണ് വാർഷിക ബജറ്റ് രൂപീകരിക്കേണ്ടത്. വാർഷിക ബജറ്റ് രൂപീകരിക്കുന്നതിനായി ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇനം | നടപടിക്രമം | ഗ്രാമപഞ്ചായത്തിന്റെ നടപടിക്രമം |
|---|---|---|---|
| 1 | നോൺപ്ലാൻ വരവ് ചെലവുകളുടെ കരട് പ്രപ്പോസൽ ആവശ്യപ്പെടൽ | 2017 ഡിസംബർ 15-ന് മുൻപ് | ഫയൽ പരിശോധനയ്ക്ക് ഹാജരാക്കിയില്ല |
| 2 | നോൺപ്ലാൻ വരവ് ചെലവുകളുടെ കരട് പ്രപ്പോസലുകൾ ഘടകസ്ഥാപനങ്ങൾ സമർപ്പിക്കൽ | 2018ജനുവരി 15-ന് | ഫയൽ പരിശോധനയ്ക്ക് ഹാജരാക്കിയില്ല |

| | | | |
|---|---|---|---|
| | | മുൻപ് | |
| 3 | ക്രോഢീകരണത്തിനായി വിവിധ സ്റ്റാന്റിംഗ് കമ്മറ്റികൾ ചേരൽ | 2018ജനവരി 25-ന് മുൻപ് | 26.02.18 |
| 4 | ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയിൽ പ്രൊപ്പോസൽ വയ്ക്കൽ, ക്രോഢീകരണം | 2018ഫെബ്രുവരി 1-ന് മുൻപ് | ഫയൽ പരിശോധനയ്ക്ക് ഹാജരാക്കിയില്ല |
| 5 | ബജറ്റ് വർഷത്തേക്കുള്ള വാർഷിക പദ്ധതി അംഗീകാരം | 2018ഫെബ്രുവരി 28-ന് മുൻപ് | 03.03.18 |
| 6 | ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി കരട് ബജറ്റ് നിർമ്മാണം/അംഗീകരിക്കൽ | 2018മാർച്ച് 1-ന് മുൻപ് | 03.03.18 |
| 7 | കരട് ബജറ്റ് ചർച്ച ചെയ്യുന്നതിനായി പ്രത്യേക പഞ്ചായത്ത് കമ്മറ്റി ചേരൽ | 2018മാർച്ച് 7-ന് മുൻപ് | 20.03.18 |

പഞ്ചായത്ത് രാജ് നിയമത്തിലെ 214-ാം വകുപ്പിൽ നിഷ്കർഷിച്ചിരിക്കുന്ന നടപടിക്രമങ്ങൾ പൂർണമായും പാലിച്ചുകൊണ്ട് ബജറ്റ് തയ്യാറാക്കാൻ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ശ്രദ്ധിക്കേണ്ടതാണ്.

# 1-13 രസീത് ബുക്കുകളുടെ പരിപാലനത്തിൽ അപാകങ്ങൾ

ഗുണഭോക്തൃ വിഹിതം ഈടാക്കുന്നതിനായി കൃഷി ഓഫീസർക്ക് 2018-19 സാമ്പത്തിക വർഷം അനുവദിച്ച രസീത് ബുക്കുകളുടെ ഉപയോഗത്തിലും പരിപാലനത്തിലും അപാകത നിലനിൽക്കുന്നു (ഓഡിറ്റ് എൻക്വയറി നം.27-ന് സമർപ്പിച്ച മറുപടി.) അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. 2018-19 സാമ്പത്തികവർഷം ഗുണഭോക്തൃ വിഹിതം കളക്ട് ചെയ്യുന്നതിനായി നിർവ്വഹണ ഉദ്യോഗസ്ഥനായ കൃഷി ഓഫീസർക്ക് വിതരണം ചെയ്ത 28415(തീ.15.11.2018), 28416(15.11.2018), 28429(28.02.2019), 28430(28.02.2019) എന്നീ രസീത് ബുക്കുകളിൽ 28430 രസീത് ബുക്ക് തൻ വർഷം ഉപയോഗിച്ചിരുന്നില്ല. പ്രസ്തുത രസീത് ബുക്ക് പഞ്ചായത്തിൽ തിരികെ നൽകിയിട്ടില്ല. (ഓഡിറ്റ് എൻക്വയറി നം.27-ന് മറുപടി) 28429 നമ്പർ രസീത് ബുക്കിൽ ഉപയോഗിക്കാതെ അവശേഷിച്ച രസീതുകൾ ക്യാൻസൽ ചെയ്ത് സൂക്ഷിച്ചിട്ടുമില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ്ചട്ടങ്ങൾ ചട്ടം 83).

**2.** രസീതുകളിലും കളക്ഷൻ രജിസ്റ്ററിലും തീയതി രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ ഓരോ ദിവസത്തെയും കളക്ഷൻ അതാത് ദിവസം ഒടുക്കു വരുത്തുന്നു എന്നത് പരിശോധനാവിധേയമാക്കാനാവുന്നില്ല. (കേരള പഞ്ചായത്ത്‌രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ ചട്ടം 18).

**3.** 28429 നമ്പർ രസീത് ബുക്കിൽ 13 മുതൽ 50 വരെയുള്ള രസീതുകളിലെ കളക്ഷൻ തുക അടവാക്കിയ തീയതി 28.03.2019-ഉം (രസീത് നം.118010101470 തുക 3135/-) 51 മുതൽ 81 വരെയുള്ള രസീതുകളിലെ ആകെ തുക രണ്ട് തീയതികളിലായി, അതായത് 07.03.2019 ലും (രസീത് നം.118010101350 പ്രകാരം തുക 20,300/-രൂപ) 28.03.2019 ലും ( രസീത് നം. 118010101350 പ്രകാരം 23,200/-രൂപ) അടവാക്കിയതായി ശ്രദ്ധയിൽപ്പെട്ടു. ഇതിൽ നിന്നും കളക്ഷൻ തുക അതാത് ദിവസം ഒടുക്കു വരുത്തുന്നില്ല എന്ന് വ്യക്തമാകുന്നു.

**4.** ടി.ആർ 7എ. ക്യാഷ് ബുക്ക് പരിപാലിക്കുന്നില്ല. (ചട്ടം 16). സ്വീകരിച്ച പണം അതാത് ദിവസം ക്യാഷ് ബുക്കിൽ രേഖപ്പെടുത്തി ക്ളോസ് ചെയ്യേണ്ടതാണ്. (ചട്ടം-18).

**5.** രസീതുകളിൽ ഡബ്ൾസൈഡഡ് കാർബൺ ഉപയോഗിച്ചിട്ടില്ല.( കെ.ടി.സി. വാല്യം1 ആർട്ടിക്കിൾ 90(എ).

**6.** രസീതുകളിൽ വ്യാപകമായി തിരുത്തൽ വരുത്തിയിട്ടുണ്ട്. ആയത് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ മേലൊപ്പ് രേഖപ്പെടുത്തിയിട്ടില്ല. (കെ.എഫ്.സി. വാല്യം1 ആർട്ടിക്കിൾ 336).

രസീതുകൾ ചട്ടത്തിൽ അനുശാസിക്കുന്ന വിധം പരിപാലിക്കുന്നുവെന്നും ഗുണഭോക്താക്കളിൽ നിന്ന് പണം സ്വീകരിക്കുന്ന വേളയിൽ രസീത് നൽകുന്നുണ്ടെന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പുവരുത്തേണ്ടതാണ്. ഈ വിഷയത്തിൽ ഉണ്ടാകുന്ന വീഴ്ചകൾക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ ഉത്തരവാദിയായിരിക്കുന്നതാണ്.

# 1-14 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് - അപാകങ്ങൾ

**a)** 2017-18 സാമ്പത്തിക വർഷം ലൈസൻസ് എടുത്തിട്ടില്ലാത്ത ചുവടെ പറയുന്ന സ്ഥാപനങ്ങൾ 2018-19 സാമ്പത്തിക വർഷവും ലൈസൻസ് എടുത്തിട്ടില്ല.

| ക്രമ നം | **പേര്, വിലാസം** | **സ്ഥാപനം** |
|---|---|---|
| 1 | ബീന, ദ്വാരക | ഫ്ലവർ മിൽ |
| 2 | ദാസൻ, കോട്ടുപുറം, അഞ്ചുതെങ്ങ് | സ്റ്റേഷനറി കട |
| 3 | ക്രിസ്റ്റി.വി, ജോസഫൈൻ വില്ല, അഞ്ചുതെങ്ങ് | വി സ്റ്റാർ സാനിറ്ററി & ഇലക്ട്രിക്കൽസ് |
| 4 | റോയി, ജോസഫൈൻ വില്ല, അഞ്ചുതെങ്ങ് | സോളാർൻ പ്രോഡക്ടുകൾ |
| 5 | സത്യൻ, മേലെവിളയിൽ താഴെവീട്, നെടുങ്ങണ്ട | സ്റ്റേഷനറി |
| 6 | ശരത് ചന്ദ്രൻ, ഇലകം, കായിക്കര | പലചരക്ക് വിൽപന |
| 7 | ഫീന എബ്രഹാം ക്രൂസ്, ഗ്ലാസ് ഹൗസ്, മാമ്പള്ളി | ഫാൻസി & സ്റ്റേഷനറി |
| 8 | റൂബൻ, സ്മൃതി ഭവൻ | ടെയിലറിംഗ് ഷോപ്പ് |
| 9 | പത്മ രാജു, പത്മ വിലാസം, നെടുങ്ങണ്ട | പലചരക്ക് കച്ചവടം |
| 10 | സത്യകുമാർ, സരിത നിവാസ്, നെടുങ്ങണ്ട | സ്റ്റേഷനറി |
| 11 | വിങ്കു, മൂലൈത്തോട്ടം, കായിക്കര | സ്റ്റേഷനറി |
| 12 | അമ്പിളി.റ്റി.എസ്, കെ.കെ.ലാന്റ്, നെടുങ്ങണ്ട | പാത്രകച്ചവടം |
| 13 | ശ്രീധരൻ, മംഗ്ലാവിൻ വീട്, അയന്തി, വർക്കല | സ്റ്റേഷനറി |
| 14 | ചിത്രാംഗധൻ, ഉതിരക്കുളം, അഞ്ചുതെങ്ങ് | സ്റ്റേഷനറി |

മേൽ സ്ഥാപനങ്ങളിൽ ക്രമ നം 5,6,8,9,14 എന്നിവ ഒഴികെയുള്ളവ ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല.

2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 2-12 ൽ പരാമർശിച്ചിട്ടുള്ള മേൽ സ്ഥാപനങ്ങൾ 2018-19 സാമ്പത്തിക വർഷവും ലൈസൻസ് പുതുക്കാതെ പ്രവർത്തിച്ചത് ഗുരുതര വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു.

**b) ട്രേഡേഴ്സ് ലിസ്റ്റിലെ എണ്ണത്തിനനുസൃതമായി ലൈസൻസ് എടുത്തിട്ടില്ല.**

| **വാർഡ് നം** | **എണ്ണം** |
|---|---|
| 1 | 2 |
| 2 | 2 |
| 3 | 10 |
| | |

| | |
|---|---|
| 4 | 5 |
| 5 | 5 |
| 6 | 7 |
| 7 | 12 |
| 8 | 4 |
| 9 | 2 |
| 10 | 3 |
| 11 | 5 |
| 12 | 1 |
| 13 | 0 |
| 14 | 2 |
| **ആകെ** | **60** |

ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരം 60 സ്ഥാപനങ്ങളുണ്ടെങ്കിലും രജിസ്റ്റർ പ്രകാരം 39 സ്ഥാപനങ്ങൾ മാത്രമാണ് ലൈസൻസ് എടുത്തിട്ടുള്ളത്. ഈ വിഷയത്തിനു നൽകിയ ഓഡിറ്റ് എൻക്വയറി നം 03/ 10.03.2020-ന് നിലവിൽ പ്രവർത്തിച്ചുവരുന്ന ചുവടെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് എടുക്കുന്നതിനു കത്ത് നൽകി തുടർ നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭിച്ചു.

| ക്രമ നം | പേര്, മേൽവിലാസം | സ്ഥാപനം | വാർഡ് |
|---|---|---|---|
| 1 | സെക്രട്ടറി, ക്ഷീരോല്പാദകസഹകരണ സംഘം | ക്ഷീര സഹകരണ സംഘം | I |
| 2 | സാംബശിവൻ, ആർ.എസ്.നിവാസ്, നെടുങ്ങണ്ട | ഫ്ലവർമിൽ | II |
| 3 | വീണാ, കിഴക്കേവിളാകം, കായിക്കര | പലചരക്ക് | III |
| 4 | ഗീതു.ജി, ചെറുവിളാകം വീട്, നെടുങ്ങണ്ട | പലചരക്ക് | IV |
| 5 | ശരത്ചന്ദ്രൻ, ഇലകം, കായിക്കര | പലചരക്ക് | IV |
| 6 | കാർമ്മൽ, പുത്തൻവീട്, അഞ്ചുതെങ്ങ് | ബേക്കറി | IV |
| 7 | അനിതാബിജു, ഇലത്തിക്കൽ | സ്റ്റേഷനറി | V |
| 8 | പത്മരാജു, പത്മവിലാസം, നെടുങ്ങണ്ട | പലചരക്ക് | - |
| 9 | സത്യൻ, മേലെവിളയിൽ, താഴെവീട് | സ്റ്റേഷനറി | VII |
| 10 | ചിഞ്ചു, സ്നേഹാഭവൻ, മാമ്പള്ളി | ബ്യൂട്ടിപാർലർ | XIV |
| 11 | സേവ്യർ ഫ്രാൻസിസ്, മുരുക്കുവിളാകം, അഞ്ചുതെങ്ങ് | സ്റ്റേഷനറി | XI |
| 12 | ലിയോൺ, പുന്നവിളാകം, അഞ്ചുതെങ്ങ് | - | XII / 241 |

| | | | |
|---|---|---|---|
| 13 | സെയ്സിൽ ആന്റണി, കടയിൽ പുരയിടം, അഞ്ചുതെങ്ങ് | പലചരക്ക് | XII |

ഇത്തരത്തിൽ ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടും ലൈസൻസ് എടുക്കാത്ത സ്ഥാപനങ്ങൾക്കുപുറമേ ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെടാതെയും ലൈസൻസ് ഇല്ലാതെയും ചില സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുമുണ്ട്.

ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ലൈസൻസ് ആവശ്യമുള്ള മുഴുവൻ സ്ഥാപനങ്ങൾക്കും ലൈസൻസ് എടുത്തിട്ടുണ്ടെന്ന് ഉറപ്പുവരുത്താൻ കഴിയാതെ വരുകയും പഞ്ചായത്തിന്റെ വരവിൽ കുറവുണ്ടാകുകയും ചെയ്യുന്നു.

ട്രേഡേഴ്സ് രജിസ്റ്റർ ഓരോ വർഷവും തയ്യാറാക്കുമ്പോൾ കെട്ടിട നമ്പർ മാറിയ കെട്ടിട വിവരം, വ്യാപാരം ഉപേക്ഷിച്ച കെട്ടിങ്ങൾ ഉൾപ്പെടുത്തി ഒഴിവാക്കൽ ലിസ്റ്റും പുതിയ കെട്ടിടങ്ങൾ ചേർത്ത് പുതുതായി ചേർക്കൽ ലിസ്റ്റും വാർഡ് തിരിച്ച് ഉൾപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്. ഇപ്രകാരം ട്രേഡേഴ്സ് ലിസ്റ്റ് രേഖപ്പെടുത്തലുകൾ കൃത്യമാക്കി സൂക്ഷിക്കേണ്ടതും ആയതു പ്രകാരം ഡിമാന്റ് നിർണ്ണയിച്ച് ഗ്രാമപഞ്ചായത്ത് പരിധിയ്ക്കകത്തെ ലൈസൻസ് എടുക്കാൻ ബാദ്ധ്യസ്ഥരായ എല്ലാപേരും കേരള പഞ്ചായത്തീ രാജ് നിയമം വകുപ്പ് 232, 233, കേരള പഞ്ചായത്തീരാജ് (അപകടകരവും അസഹ്യവുമായ വ്യാപരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നല്കുകൽ) ചട്ടങ്ങൾ 1996, കേരള പഞ്ചായത്തീരാജ് (അപകടകരവും അസഹ്യവുമായ വ്യാപരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നല്കുകൽ) ഭേദഗതി ചട്ടങ്ങൾ 2017 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ലൈസൻസ് എടുത്തിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്. അപകടകരവും അസഹ്യവുമായ വ്യാപാരങ്ങൾക്ക് ലൈസൻസ് നല്കുകയെന്നത് ഗ്രാമ പഞ്ചായത്തിന്റെ അനിവാര്യ ചുമതലയായതിനാലും, ഈ ഗണത്തിലുള്ള സ്ഥാപനങ്ങൾ പൊതുജനത്തിന്റെ ജീവനും, സ്വത്തിനും നേരിട്ട് ബാധിക്കുന്നവയായതിനാലും പരമപ്രധാനമായ ഈ സംഗതിയിൽ ഭരണ സമിതിയുടെയും, ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെയും സത്വര ശ്രദ്ധ പതിയേണ്ടതുണ്ട്.

# 1-15 കെട്ടിടത്തിന്റെ ഇനം മാറുന്നതിനനുസരിച്ച് സഞ്ചയയിൽ മാറ്റം വരുത്തിയിട്ടില്ല.

ചുവടെ പറയുന്ന കെട്ടിടത്തിൽ യാതൊരു സ്ഥാപനവും പ്രവർത്തിക്കുന്നില്ല. എന്നാൽ സഞ്ചയയിൽ പ്രസ്തുത കെട്ടിടം ആശുപത്രികൾ (മറ്റുള്ളവ) എന്ന ഗണത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു.

| കെട്ടിട ഐ.ഡി | ഡോർ നം | ഉടമസ്ഥന്റെ പേര് | വിലാസം |
|---|---|---|---|
| 50241010001184 | 3/324/ | ഷാജി.കെ, ഷൈലജ | കൊച്ചുവീട് |

മേൽ കെട്ടിടത്തിൽ ഗ്രാമപഞ്ചായത്തിനു കീഴിലുള്ള ഹോമിയോ ആശുപത്രി നടത്തി വന്നിരുന്നതാണെന്നും തുടർന്ന് സ്വന്തം കെട്ടിടത്തിലേക്ക് മാറ്റി സ്ഥാപിച്ചിട്ടുള്ളതിനാൽ നിലവിൽ ഈ കെട്ടിടത്തിൽ സ്ഥാപനങ്ങൾ

ഒന്നും പ്രവർത്തിക്കുന്നില്ല എന്നും ഓഡിറ്റ് എൻക്വയറി നം 24 / 18.03.2020 ന് മറുപടി ലഭിച്ചു. എന്നാൽ ഇതിനനുസരിച്ചുള്ള മാറ്റം സഞ്ചയയിൽ വരുത്തി നികുതി ഈടാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് ബന്ധപ്പെട്ട സെക്ഷന്റെയും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടേയും ശ്രദ്ധയുണ്ടാകേണ്ടതാണ്.

# 1-16 സ്വകാര്യ ആശുപത്രി രജിസ്ട്രേഷൻ നടത്താതെ പ്രവർത്തിക്കുന്നു

1994 -ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 270, 1997 ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ)ചട്ടങ്ങൾ ചട്ടം 3 എന്നിവ പ്രകാരം ഒരു ഗ്രാമപഞ്ചായത്തിൽ മുൻകൂട്ടി രജിസ്റ്റർ ചെയ്യാതെ, ആ ഗ്രാമപഞ്ചായത്തിന്റെ ഭൂപ്രദേശത്തിനുള്ളിൽ യാതൊരു സ്വകാര്യ ആശുപത്രിയും പാരാമെഡിക്കൽ സ്ഥാപനങ്ങളും സ്ഥാപിക്കാൻ പാടുള്ളതല്ല. വകുപ്പ് 270 A, ചട്ടം നമ്പർ 8 എന്നിവ പ്രകാരം ഇത് ലംഘിക്കുന്ന ഏതൊരാൾക്കും മേൽ 5000/- രൂപ വരെ ആകാവുന്ന പിഴശിക്ഷയും കുറ്റം തുടരുന്ന ഒരോ ദിവസത്തിനും 500/- രൂപ വരെ ആകാവുന്ന അധിക പിഴശിക്ഷയും നൽകി ശിക്ഷിക്കപ്പെടാവുന്നതാണ്.

എന്നാൽ സഞ്ചയ സോഫ്റ്റ്‌വെയർ പരിശോധിച്ചതിൽ നിന്നും ചുവടെ പറയുന്ന സ്ഥാപനം പഞ്ചായത്തു പരിധിയിൽ പ്രവർത്തിക്കുന്ന ആശുപത്രികൾ എന്ന ഇനത്തിൽ രജിസ്ട്രേഷൻ നടത്താതെ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടു.

| കെട്ടിട എെ.ഡി | ഡോർ നം | ഉടമസ്ഥന്റെ പേര് | വിലാസം |
|---|---|---|---|
| 50241010003834 | 6/562/ | ഡോ.ജി.മനോജ്കുമാർ | സിന്ധുഭവൻ, ടി.ബി.ജംഗ്ഷൻ |

ഈ വിഷയത്തിനു നൽകിയ ഓഡിറ്റ് എൻക്വയറി നം 24 / 18.03.2020 ന് രജിസ്ട്രേഷന് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭിച്ചു.

2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 2-7 ൽ ഇതു സംബന്ധിച്ച പരാമർശമുണ്ടെങ്കിലും നാളിതുവരെയും യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. ഇതു സംബന്ധിച്ച തുടർ നടപടി സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-17 സംയുക്ത പരിശോധന നടത്തി വെള്ളക്കരം പുതുക്കി നിശ്ചയിക്കണം.

വെള്ളക്കരകുടിശ്ശിക ഇനത്തിൽ തൻവർഷം മെയിന്റനൻസ് ഫണ്ട് നോൺ റോഡ് ഗ്രാന്റിനത്തിൽ നിന്നും 30,31,494/-രൂപ അടച്ചിട്ടുണ്ട്. പ്രസ്തുത തുക അടച്ചതിനുശേഷവും കേരള വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 25-04-2019 ലെ ഡിമാന്റ് നോട്ടീസ് പ്രകാരം ഗ്രാമപഞ്ചായത്ത് പൊതുടാപ്പുകളുടെ വെള്ളക്കരമിനത്തിൽ 93,33,820 /-രൂപ കുടിശ്ശികയായി (പിഴപ്പലിശയുൾപ്പെടെ) വാട്ടർ അതോറിറ്റിയിൽ ഒടുക്കു വരുത്താനുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| കുടിശ്ശിക | 9037758 |
| തൻമാസത്തെ ചാർജ് | 1,76,624 |
| പിഴ | 1,19,438 |
| **ആകെ** | **93,33,820** |

മുൻവർഷങ്ങളിൽ തിട്ടപ്പെടുത്തിയ വാട്ടർ ടാപ്പുകളുടെ എണ്ണത്തിന് അനുസൃതമായാണ് വാട്ടർഅതോറിട്ടിയിൽ നിന്നും ഡിമാന്റ് വരുന്നത്. പ്രവർത്തിക്കുന്ന 273 ടാപ്പുകൾ ഗ്രാമപഞ്ചായത്തിലുള്ളതായി ഡിമാന്റ് നോട്ടീസിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഇവയിൽ കേടായ ടാപ്പുകൾ, ജലലഭ്യത ഇല്ലാത്തവ എന്നിവ ഉൾപ്പെടുന്നതിനാൽ ഉപയോഗയോഗ്യമായ ടാപ്പുകളുടെ എണ്ണത്തിന് അനുസൃതമായാണോ വെള്ളക്കരം ഡിമാന്റ് ചെയ്യുന്നതെന്ന് ഉറപ്പുവരുത്താൻ കഴിയുന്നില്ല. ഓരോ മാസവും പിഴ പലിശയിനത്തിൽ മാത്രം വൻതുക അടയ്ക്കേണ്ടിവരുന്നു. (4/2019 ലെ പിഴ പലിശ 1,19,438/-രൂപ ). ഇപ്രകാരം വൻതുക കുടിശ്ശിക ആയി വരുന്ന സാഹചര്യത്തിൽ ഉപയോഗയോഗ്യമായ ടാപ്പുകളുടെ എണ്ണം കൃത്യമായി മനസ്സിലാക്കുന്നതിന് വാട്ടർ അതോറിട്ടിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്താറുണ്ടോ എന്ന് ആരാഞ്ഞതിന് (ഓഡിറ്റ് എൻക്വയറി നം. 12/16-03-2020) സംയുക്തപരിശോധന നടന്നുവരുന്നുവെന്നും പൂർത്തിയായിട്ടില്ല എന്നും മറുപടി നൽകി. 23.6.2006-ലെ ജി.ഒ(ആർ.ടി.) 1501/2006/ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം പ്രവർത്തന ക്ഷമമല്ലാത്ത ടാപ്പുകളെ ഒഴിവാക്കുന്നതിനായി സംയുക്ത പരിശോധന നടത്തുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. പഞ്ചായത്തിലെ എല്ലാ വാർഡുകളിലെയും ഏറ്റവും അത്യാവശ്യമായതും പാവപ്പെട്ട ജനങ്ങൾ കൂടുതൽ താമസിക്കുന്നതുമായ സ്ഥലങ്ങളിലെ പൊതുടാപ്പുകൾ മാത്രം നിലനിർത്തി ബാക്കിയുള്ള മുഴുവൻ ടാപ്പുകളും പൂട്ടുന്നതിനും കേടായ ടാപ്പുകൾ, ജല ലഭ്യത ഇല്ലാത്തവ എന്നിവ ഒഴിവാക്കി പ്രവർത്തനക്ഷമമായ ടാപ്പുകളുടെ എണ്ണം കൃത്യമായി തിട്ടപ്പെടുത്തി

തദനുസരണമായി മാത്രം വെള്ളക്കര കുടിശ്ശിക ഒടുക്കു വരുത്തുന്നതിന് സംയുക്തപരിശോധന നടപടികൾ പൂർത്തീകരിച്ച് വെള്ളക്കരമിനത്തിലെ അധിക ചെലവ് നിയന്ത്രിക്കേണ്ടതാണ്.

**<u>മീറ്ററിംഗം സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരി ക്ക ണം.</u>**

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 30.05.09 ലെ ഉത്തരവ് ജി.ഒ.(ആർ.ടി.) 1275/2009 പ്രകാരം എല്ലാ ഗ്രാമപഞ്ചായത്തുകളും തങ്ങളുടെ സ്ഥാപനത്തിന്റെ പരിധിയിലുള്ള പൊതുടാപ്പുകളുടെ എണ്ണം ജലഅതോറിറ്റിയുടെ സഹായത്തോടെ തിട്ടപ്പെടുത്തേണ്ടതാണെന്നും, ഉപയോഗിക്കുന്ന ജലത്തിന് മാത്രമേ പണം നൽകുന്നുള്ളുവെന്ന് ഉറപ്പ് വരുത്തുന്നതിലേക്കായി ജലം ലഭ്യമാകുന്ന എല്ലാ പൊതുടാപ്പുകൾക്കും മീറ്റർ ഘടിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനും നിഷ്കർഷിച്ചിരുന്നു. എന്നാൽ പൊതുടാപ്പുകൾക്ക് മീറ്റർ ഘടിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്ന് ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം. 12/16-03-2020) മറുപടി നൽകി. ആയതിലേയ്ക്കാവശ്യമായ നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

# 1-18 പത്രപരസ്യങ്ങൾക്ക് ഡിസ്കൗണ്ട് നേടിയെടുത്തില്ല

| | |
|---|---|
| പ്രോജക്ട് നം, പേര് | S003/19 - പദ്ധതി ആസൂത്രണം നിർവഹണം മോണിട്ടറിംഗ് ചെലവുകൾ |
| അടങ്കൽ തുക | 2,50,000/-രൂപ(വികസനഫണ്ട്) |
| ചെലവ് തുക | 1) ബിൽ നം. 6/22-06-2018, തുക24750/-രൂപ (പ്രിന്റിംഗ് ചെലവ്)<br>2) ബിൽ നം. 13/26-06-2018, തുക 18883/-രൂപ (പത്രപരസ്യം നൽകിയതിനുള്ള ചെലവ്)<br>3)ബിൽ നം. 19/ 25-07-2018, തുക 46965/-രൂപ (പത്രപരസ്യം നൽകിയതിനുള്ള ചെലവ്)<br>4) ബിൽ നം. 20/25-07-2018, തുക 10000/-രൂപ (സ്റ്റേഷനറി വാങ്ങിയതിന്റെ ചെലവ്)<br>5)ബിൽ നം. 34/12-10-2018, തുക 10000/-രൂപ (ഭക്ഷണചെലവ്) |

| | |
|---|---|
| | 6)ബിൽ നം. 41 /13-11-2018, തുക 6000/-രൂപ<br>(പ്രിന്റിംഗ് ചെലവ്)<br>7)ബിൽ നം. 49/06-12-2018, തുക 6000/-രൂപ<br>(പ്രിന്റിംഗ് ചെലവ്)<br>8)ബിൽ നം. 57/04-01-2019, തുക 58605/-രൂപ<br>(പ്രിന്റിംഗ് ചെലവ് 19700/-രൂപ, പത്രപരസ്യം നൽകിയതിനുള്ള ചെലവ് 27905/-രൂപ, ഭക്ഷണചെലവ് 11000/-രൂപ)<br>9)ബിൽ നം. 66/12-02-2019, തുക 22000/-രൂപ<br>(പ്രിന്റിംഗ് ചെലവ്)<br>10)ബിൽ നം. 78/16-03-2019, തുക 7365/-രൂപ<br>(പ്രിന്റിംഗ് ചെലവ്)<br>**ആകെ ചെലവ് 210568** |

പദ്ധതി നിർവഹണം സംബന്ധിച്ച് കേരള കൗമുദിയിൽ പത്രപരസ്യം നൽകുന്നതിനായി ക്രമ നമ്പർ 2, 3, 8 ട്രഷറി ബിൽ പ്രകാരം 93,753/-രൂപ (18883/-രൂപ + 46965/-രൂപ + 27905/-രൂപ) കേരളകൗമുദിക്ക് നൽകിയിട്ടുണ്ട്. ജി.ഒ(പി) നം17/15/ I & PRD തീയതി 08-12-2015, ജി.ഒ(ആർ.ടി) നം. 288/14/I & PRD തീയതി 10-09-2014 ഉത്തരവ് പ്രകാരം സർക്കാർ സ്ഥാപനങ്ങൾക്ക് വിവിധ ദിനപത്രങ്ങളുടെ പരസ്യ നിരക്ക് പി & എ ആർ ഡി വകുപ്പ് മുഖേന നൽകിയാലും നേരിട്ട് നൽകിയാലും 15% ഡിസ്കൗണ്ട് അനുവദിക്കണം. എന്നാൽ ഇപ്രകാരമുള്ള ഡിസ്കൗണ്ട് നേടിയെടുക്കാതെയാണ് കേരളകൗമുദിക്ക് തുക നൽകിയിരിക്കുന്നത്. വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.34/20-03-2020) ഡിസ്കൗണ്ട് കഴിച്ചുള്ള ബില്ലാണ് ലഭ്യമാക്കിയിട്ടുള്ളത് എന്നാണ് പത്രസ്ഥാപനത്തിൽ നിന്നും അറിയാൻ കഴിഞ്ഞതെന്നാണ് മറുപടി നൽകിയത്. എന്നാൽ ബില്ലിൽ അപ്രകാരമുള്ള രേഖപ്പെടുത്തലുകൾ ഇല്ലാത്തതിനാൽ പത്രപരസ്യമിനത്തിൽ കേരള കൗമുദിക്ക് നൽകിയ 93,753/-രൂപയുടെ 15% തുകയായ 14,063/-രൂപ ഡിസ്കൗണ്ട് ഇനത്തിൽ നേടിയെടുക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-19 സംയുക്തപ്രോജക്ട് വിഹിതം നൽകിയതിലെ അപാകത

ഗ്രാമപഞ്ചായത്ത് വിഹിതമായി ചുവടെ പരാമർശിച്ചിട്ടുള്ള പ്രോജക്റ്റ് പ്രകാരം വകയിരുത്തിയിട്ടുള്ള തുക ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്ത് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യുന്നതിനുപകരം നിർവഹണ ഉദ്യോഗസ്ഥർക്ക് നേരിട്ട് നൽകിയിരിക്കുന്നു.

I. പ്രോജക്റ്റ് പേര്, നമ്പർ : സുരക്ഷ പഞ്ചായത്ത് വിഹിതം നൽകൽ

(S093/19)

വകയിരുത്തൽ : 2,00,000/-രൂപ

ചെലവ് (ബിൽ നം/ തീയതി) : 2,00,000/-രൂപ(ബിൽ നം. 28/20-8-18)

നിർവഹണം : സെക്രട്ടറി

ഗ്രാമ - ബ്ലോക്ക്- ജില്ലാ പഞ്ചായത്തുകളുടെ സംയുക്ത പദ്ധതിയായി 2018-19 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി തിരുവനന്തപുരം മെഡിക്കൽ കോളേജ് മാനസിക ആരോഗ്യ വിഭാഗത്തിന്റെ സഹായത്തോടെ സമഗ്ര മാനസിക ആരോഗ്യ പരിപാടിക്ക് വേണ്ടി ഗ്രാമ പഞ്ചായത്ത് വകയിരുത്തിയ 2,00,000/-രൂപ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ അക്കൗണ്ടിൽ നിക്ഷേപിക്കുന്നതിനും തുടർന്ന് മരുന്ന് വാങ്ങുന്നതിനുമുള്ള തുക ബന്ധപ്പെട്ട മെഡിക്കൽ ഓഫീസർമാർക്ക് അനുവദിച്ച് നൽകുന്നതിനും ബാക്കി ഇനങ്ങൾ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി മുഖേനയും നടപ്പിലാക്കാൻ 26-11-2018 തീയതിയിൽ 15(1) ാം നമ്പരായി ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതി തീരുമാനമെടുത്തിട്ടുള്ളത്. എന്നാൽ പഞ്ചായത്ത് വിഹിതം ബ്ലോക്ക് പഞ്ചായത്ത് അക്കൗണ്ടിൽ നൽകുന്നതിനു പകരം മെഡിക്കൽ ഓഫീസർ, CHC, അഞ്ചുതെങ്ങിനാണ് നൽകിയത്. വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.15/16-03-2020) 26-07-2018 ലെ ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിൽ ഗ്രാമ പഞ്ചായത്ത് വിഹിതം നിർവഹണ ഉദ്യോഗസ്ഥനായ മെഡിക്കൽ ഓഫീസറുടെ അക്കൗണ്ടിലേക്ക് നൽകുന്നതിന് നിർദേശം ലഭിച്ചിരുന്നതിനാലാണ് മെഡിക്കൽ ഓഫീസറുടെ അക്കൗണ്ടിൽ തുക ഒടുക്കിയതെന്ന് മറുപടി നൽകി. ബ്ലോക്ക് പഞ്ചായത്ത് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യേണ്ട തുക നിർവഹണ ഉദ്യോഗസ്ഥന്റെ അക്കൗണ്ടിൽ നേരിട്ട് നൽകിയതിനാൽ പ്രസ്തുത തുക ബ്ലോക്ക് പഞ്ചായത്ത് അക്കൗണ്ടിൽ പ്രതിഫലിക്കുകയില്ല. ഭാവിയിൽ ഇത്തരത്തിലുള്ള അപാകതകൾ ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

II) പ്രോജക്ട് പേര്, നമ്പർ : ആരോഗ്യ ഭവനം-ബ്ലോക്ക് പദ്ധതിക്ക് തുക നൽകൽ (SO109/19)

വകയിരുത്തൽ : 206000

ചെലവ് (ബിൽ നം/ തീയതി) : 206000 (ബിൽ നം. 25/14-8-18)

ക്രമ നം.I ലെ പ്രോജക്ടിൽ പരാമർശിച്ചതുപോലെ ചുവടെ പരാമർശിച്ചിട്ടുള്ള 'ആരോഗ്യ ഭവനം-ബ്ലോക്ക് പദ്ധതിക്ക് തുക നൽകൽ' എന്ന പ്രോജക്ടിലേയ്ക്കായി (ജീവിതശൈലീരോഗ നിയന്ത്രണ പരിപാടികൾക്കായി) പഞ്ചായത്തുകൾ വകയിരുത്തിയിട്ടുള്ള തുക ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിക്ക് നൽകുന്നതിനുപകരം ബ്ലോക്ക് പഞ്ചായത്തിന്റെ നിർവഹണ ഉദ്യോഗസ്ഥനായ സൂപ്രണ്ട്, താലൂക്ക് ഹെഡ്ക്വാർട്ടേഴ്സിനാണ് നൽകിയത്. ബ്ലോക്ക് പഞ്ചായത്ത് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യേണ്ട തുക നിർവഹണ ഉദ്യോഗസ്ഥന്റെ അക്കൗണ്ടിൽ നേരിട്ട് നൽകിയതിനാൽ പ്രസ്തുത തുക ബ്ലോക്ക് പഞ്ചായത്ത് അക്കൗണ്ടിൽ പ്രതിഫലിക്കുകയില്ല. പ്രസ്തുത പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട വിനിയോഗ സർട്ടിഫിക്കറ്റും പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ആയതിനാൽ ചെലവ് തുകയായ 2,06,000/- രൂപ തടസ്സം ചെയ്യുന്നു.

## 1-20 വിനിയോഗ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയില്ല – ചെലവ് തുക തടസ്സം ചെയ്യുന്നു

സെക്രട്ടറി നിർവഹണം നടത്തിയ ചുവടെ പറയുന്ന പ്രോജക്ടുകളുടെ നിർവഹണവുമായി ബന്ധപ്പെട്ട വിനിയോഗ സർട്ടിഫിക്കറ്റ് പരിശോധനക്ക് ലഭ്യമാക്കിയില്ല.

I. പ്രോജക്ട് പേര്, നമ്പർ : ഐ കെ എം വിഹിതം (SO 2/19)

വകയിരുത്തൽ : 85270/-രൂപ

ചെലവ് (ബിൽ നം/ തീയതി) : 85270/-രൂപ (ബിൽ നം. 5/25-6-18)

വിഹിതം കൈപ്പറ്റിയ സ്ഥാപനം : ഐ കെ എം

പദ്ധതി പൂർത്തിയാകുന്ന മുറക്ക് വിനിയോഗ സർട്ടിഫിക്കറ്റ് ഹാജരാക്കുന്നതാണെന്ന് ഓഡിറ്റ് എൻക്വയറിക്ക് ( നം.15/16-03-2020) മറുപടി നൽകി. വിനിയോഗ സർട്ടിഫിക്കറ്റ് ഹാജരാക്കുന്നതുവരെ ചെലവ് തുകയായ 85,270/-രൂപ തടസ്സപ്പെടുത്തുന്നു.

II. പ്രോജക്ട് പേര്, നമ്പർ : അംഗനവാടികൾക്ക് ഭൂമി വാങ്ങൽ ( SO 163/19)

വകയിരുത്തൽ : 30,000/-രൂപ

ചെലവ് (ബിൽ നം/ തീയതി) : 30,000/-രൂപ ( ബിൽ നം. 80/20-3-2019

വിഹിതം കൈപ്പറ്റിയ സ്ഥാപനം : ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്ത്

പ്രസ്തുത പദ്ധതി നടപ്പിലാക്കാത്തതിനാൽ ബ്ലോക്ക് പഞ്ചായത്തിന് കൈമാറിയ തുക തിരികെ നൽകുന്നതാണെന്ന് ബ്ലോക്ക് അധികൃതർ മറുപടി നൽകിയിട്ടുണ്ടെന്ന് ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചു. പ്രസ്തുത തുക തിരികെ ലഭ്യമാകുന്നതുവരെ ചെലവ് തുകയായ 30,000/-രൂപ തടസ്സപ്പെടുത്തുന്നു.

# 1-21 പഞ്ചായത്ത് ഓഫീസിന് ISO സർട്ടിഫിക്കേഷൻ -കൺസൽട്ടിംഗ് ഫീ തുക വകമാറ്റി ചെലവഴിച്ചു

| | |
|---|---|
| പ്രോജക്ട് നം, പേര് | SO41/19 - പഞ്ചായത്ത് ഓഫീസിന് ISO സർട്ടിഫിക്കേഷൻ |
| അടങ്കൽ തുക | 1,00,000/-രൂപ(വികസനഫണ്ട്) |
| ചെലവ് തുക | 1) ബിൽ നം. 43/13-11-2018, തുക 4735/-രൂപ<br>2) ബിൽ നം. 48/26-11-2018, തുക 38693/-രൂപ<br>3) ബിൽ നം. 58/19-01-2019, തുക 6020/-രൂപ<br>4)ബിൽ നം. 63/12-02-2019, തുക 42482/-രൂപ<br>5)ബിൽ നം. 82/20-03-2019, തുക 7350/-രൂപ<br>6)ബിൽ നം. 84/25-03-2019, തുക 720/-രൂപ<br>**ആകെ ചെലവ് 1,00,000/-രൂപ** |

ISO സർട്ടിഫിക്കേഷൻ നേടുന്നതിന് ആവശ്യമായ മുന്നൊരുക്കപ്രവർത്തനങ്ങൾ നടത്തുന്നതിനാണ് ഈ പദ്ധതി. കിലയെ കൺസൽട്ടിംഗ് ഏജൻസിയായി തെരഞ്ഞെടുക്കുന്നു. കൺസൽട്ടിംഗ് ഫീ ഇനത്തിൽ 60,000/-രൂപയും വിവിധതരം ബോർഡുകൾ സ്ഥാപിക്കുന്നതിനും ഫയലുകൾ വൃത്തിയായും ചിട്ടയായും സൂക്ഷിക്കുന്നതിനുള്ള സജ്ജീകരണങ്ങൾ ഒരുക്കുന്നതിനും മറ്റ് അനുബന്ധചെലവുകൾക്കുമായും 40,000/-രൂപയും കൂടി ആകെ 1,00,000/-രൂപ പ്രോജക്ടിലേക്കായി വകയിരുത്തുന്നു.

ഫയൽ പരിശോധനയിൽ കിലയെ കൺസൾട്ടിംഗ് ഏജൻസിയായി തെരഞ്ഞെടുത്തതായോ കിലയുടെ സേവനം പഞ്ചായത്തിന് കിട്ടിയതായോ ഉള്ള വിവരങ്ങൾ ലഭ്യമായില്ല. കൺസൾട്ടിംഗ് ഫീ ഇനത്തിൽ വകയിരുത്തിയ തുക കൂടി അലമാരകൾ (3 എണ്ണം), LED TV, Airport setty മുതലായ ഫർണിച്ചർ വാങ്ങുന്നതിനും സ്റ്റേഷനറി, ബോക്സ് ഫയൽബോർഡ് എന്നിവ വാങ്ങുന്നതിനും വേണ്ടിയാണ് ഉപയോഗിച്ചത്. വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വറിക്ക് (നം.31/19-03-2020) കൺസൾട്ടിംഗ് ഏജൻസിയായ കിലക്ക് ഗ്രാമ പഞ്ചായത്തിൽ നിന്നും കൺസൾട്ടിംഗ് ഫീസ് നല്കേണ്ടിവരുമെന്ന ധാരണയിലും തനതുഫണ്ടിൽ നിന്നും യഥാസമയം തുക ലഭ്യമാക്കാൻ കഴിയുകയില്ലെന്ന നിഗമനത്തിലും പദ്ധതിയിൽ കൺസൾട്ടിംഗ് ഫീ ഉൾപ്പെടുത്തിയിരുന്നുവെന്നും എന്നാൽ പഞ്ചായത്തുകൾ ലഭ്യമാക്കേണ്ട കൺസൾട്ടിംഗ് ഫീ സർക്കാർ നേരിട്ട് കിലക്ക് ലഭ്യമാക്കിയതിനാൽ ടി തുക പദ്ധതിയിൽ വിഭാവന ചെയ്തിരുന്ന മറ്റ് ഇനങ്ങൾക്കായി ചെലവഴിക്കുകയാണുണ്ടായതെന്നും ഗ്രാമ പഞ്ചായത്തിന് തനതുഫണ്ട് കുറവായതിനാൽ, പരമാവധി വികസനഫണ്ടിൽ നിന്നും ടി ആവശ്യത്തിന് ചെലവഴിക്കണമെന്ന ഉദ്ദേശത്തിലാണ് ബാക്കി തുക മൊത്തം ടി പദ്ധതിയിൽ നിന്നും ചെലവഴിച്ചതെന്നുമാണ് മറുപടി നൽകിയത്. പദ്ധതിയിൽ വിഭാവന ചെയ്തതിൽ നിന്നും വിരുദ്ധമായി ഒരു ഇനത്തിന് വകയിരുത്തിയ തുക മറ്റൊരു ഇനത്തിന് ചെലവഴിച്ചത് ശരിയായ നടപടി അല്ല. വിഷയം ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ജനറൽ കമ്മിറ്റിയുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു. ഉചിതമായ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-22 സോളാർ പ്ലാന്റ് സ്ഥാപിക്കൽ - തുടർ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്

| | |
|---|---|
| പ്രോജക്ട് നം, പേര് | SO121/19 – പഞ്ചായത്ത് ഓഫീസിൽ സോളാർ പ്ലാന്റ് സ്ഥാപിക്കൽ – പൂർത്തീകരണം |
| അടങ്കൽ തുക | 6,93,000(വികസനഫണ്ട്) |
| ചെലവ് തുക | 6,93,000( ബിൽ നം 83/20-03-2019) |

പ്രതിമാസം 15 KW വൈദ്യുതി ഉപയോഗിക്കുകയും (offgrid) 15 KW വൈദ്യുതി കെ എസ് ഇ ബി യ്ക്ക് വിൽക്കുകയും (ongrid) ചെയ്യുന്നതിനുവേണ്ടി ഉദ്ദേശിച്ചാണ് പഞ്ചായത്ത് ഓഫീസിൽ സോളാർ പ്ലാന്റ് സ്ഥാപിക്കുന്നതിനായി പദ്ധതി ആവിഷ്കരിച്ചത്. റെനർജി സോല്യൂഷൻസ് പ്രൈവറ്റ് ലിമിറ്റഡ്,

ജോസഫൈൻ വില്ല, അഞ്ചുതെങ്ങ് എന്ന സ്ഥാപനത്തെ മേൽ പദ്ധതിക്കായി ടെണ്ടർ മുഖേന തെരഞ്ഞെടുത്തു. 31-1-2019 ൽ പദ്ധതി പൂർത്തീകരിച്ചിട്ടുണ്ട്.

ലോകബാങ്ക് വിഹിതമായി 36,75,022/-രൂപ വകയിരുത്തിയാണ് 2017-18 ൽ പദ്ധതി ആരംഭിച്ചത്. റെനർജി സിസ്റ്റംസ് എന്ന കമ്പനി സമർപ്പിച്ച 27,96,000/-രൂപയുടെ ടെണ്ടർ 21-12-2017 ലെ 1(1) നമ്പർ കമ്മിറ്റി തീരുമാനം പ്രകാരം അംഗീകരിക്കുകയും കരാർ വച്ചതിനെതുടർന്ന് കരാർ തുകയുടെ 75% തുകയായ 20,97,000/രൂപ നിർവഹണ ഏജൻസിയായ റെനർജി സിസ്റ്റംസിന് (29-12-2017 ൽ) നൽകുകയും ചെയ്തു. 29-12-2017 ന് ശേഷം ലോകബാങ്ക് വിഹിതം പിൻവലിക്കാൻ കഴിയുകയില്ലാത്തതിനാൽ പദ്ധതി പൂർത്തീകരിക്കുന്നതിനായി 6,93,000/-രൂപ 2018-19 ൽ വികസനഫണ്ട് വകയിരുത്തി ചെലവഴിച്ചു. ലോകബാങ്ക് വിഹിതം യഥാസമയം വിനിയോഗിക്കാത്തതിനാൽ ആയത് പാഴായിപോകുകയും വികസനഫണ്ട് അധികമായി ചെലവാക്കേണ്ടിയും വന്നു. ഇക്കാര്യത്തിൽ വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി (നം.30/19-03-2020) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. മറുപടി അടിയന്തരമായി ലഭ്യമാക്കേണ്ടതാണ്.

പാനൽ സ്ഥാപിച്ചു കഴിഞ്ഞ ശേഷം ഇതുവരെ മാസം തോറും ലഭിക്കുന്ന വൈദ്യുതിയുടെ അളവ്, പഞ്ചായത്തിന്റെ വൈദ്യുതി ഉപഭോഗം, ശേഷിക്കുന്ന വൈദ്യുതി കെ.എസ്.ഇ.ബി യ്ക്ക് നൽകുന്നുണ്ടെങ്കിൽ ആയത് സംബന്ധിച്ച വിവരം, കെ എസ് ഇ ബി യിൽ നിന്നും വൈദ്യുതിയുടെ തുക ലഭിക്കുന്നുവെങ്കിൽ ആയത് സംബന്ധിച്ച വിവരം, പ്ലാന്റ് നിശ്ചിത ഇടവേളകളിൽ സർവ്വീസ് ചെയ്യുന്നത് സംബന്ധിച്ച റിപ്പോർട്ട്, പദ്ധതിയുടെ തുടർ പ്രവർത്തനങ്ങൾ മോണിട്ടറിംഗ് ചെയ്യുന്നത് സംബന്ധിച്ച മോണിട്ടറിംഗ് സമിതിയുടെ റിപ്പോർട്ട് എന്നിവ ലഭ്യമാക്കേണ്ടതാണ്.

അനർട്ടിന്റെ 28-02-2019-ലെ 108/DOT/DW(F)/ANERT/2018-ന്റെ കത്ത് പ്രകാരം സോളാർ പ്ലാന്റിന്റെ generation data പഞ്ചായത്ത് ഓഫീസിന്റെ ഒരു കമ്പ്യൂട്ടറിൽ ലഭ്യമാക്കുന്നതിനുള്ള സംവിധാനവും അനുബന്ധ സിംകാർഡും പഞ്ചായത്ത് തലത്തിൽ ലഭ്യമാക്കി online performance monitoring സംവിധാനം നടപ്പിലാക്കേണ്ടതാണെന്ന് പഞ്ചായത്തിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ആയതിൻമേലുള്ള തുടർനടപടികളുടെ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-23 പൈപ്പ് ലൈൻ നീട്ടലും ഫൗണ്ടൻ സ്ഥാപിക്കലും -

## പ്രവൃത്തി പൂർത്തീകരിച്ചില്ല - 24,08,601/-രൂപ തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് പേര്, നമ്പർ : പൈപ്പ് ലൈൻ നീട്ടലും ഫൗണ്ടൻ സ്ഥാപിക്കലും

(SO 150/19)

നിർവഹണം : സെക്രട്ടറി

വകയിരുത്തൽ : 34,00,000/-രൂപ

ചെലവ് : 33,90,315/-രൂപ

1) 33,60,000/-രൂപ ( ബിൽ നം.42/13-11-2018)

2) 30,315/-രൂപ (ബിൽ നം.36/12-10--2018)

നിർവഹണ ഏജൻസി : കേരള വാട്ടർ അതോറിറ്റി, ആറ്റിങ്ങൽ

പ്രസ്തുത പദ്ധതിക്കായി 33,90,315/-രൂപ വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്തെങ്കിലും 9,81,714.14/- രൂപയുടെ വിനിയോഗ സർട്ടിഫിക്കറ്റാണ് 4-11-2019-ൽ ലഭിച്ചത്. 24,08,600.86/-രൂപ വാട്ടർ അതോറിറ്റിയിൽ ബാലൻസ് നിൽക്കുന്നുണ്ട്. ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 16-1-2019 ലെ 2(16) നമ്പർ തീരുമാന പ്രകാരം ചെലവഴിക്കാതെ അവശേഷിക്കുന്ന തുക മറ്റ് സ്ഥലങ്ങളിൽ പൈപ്പ് ലൈൻ നീട്ടി ഫൗണ്ടനുകൾ സ്ഥാപിക്കുന്നതിന് വാട്ടർ അതോറിറ്റിയോട് അഭ്യർത്ഥിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ആയതിനെതുടർന്ന് 24-10-2019 ൽ വാട്ടർ അതോറിറ്റിയിൽ നിന്നും എസ്റ്റിമേറ്റ് ലഭ്യമാക്കിയിട്ടുണ്ടെങ്കിലും കരാർ വച്ച് പ്രവൃത്തി നിർവഹണം നടത്തിയിട്ടില്ല. ടെൻഡർ നടപടികൾ പൂർത്തിയായാലുടൻ കരാർ വച്ച് പ്രവൃത്തി പൂർത്തീകരിക്കും എന്നാണ് വാട്ടർ അതോറിറ്റിയിൽ നിന്നും അറിയാൻ കഴിഞ്ഞതെന്നാണ് ഓഡിറ്റ് എൻക്വയറിക്ക് (15/16-03-2020) മറുപടി നൽകിയത്. പ്രസ്തുത പ്രവൃത്തി പൂർത്തീകരിച്ച് പൂർത്തീകരണ സാക്ഷ്യപത്രം, വിനിയോഗസാക്ഷ്യപത്രം എന്നിവ ലഭ്യമാക്കുന്നതുവരെ 24,08,601/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-24 തെരുവുനായ്ക്കളുടെ വന്ധ്യംകരണം പദ്ധതി - അപാകങ്ങൾ

| | |
|---|---|
| പ്രോജക്ട് നം, പേര് | SO14/19 – തെരുവുനായ്ക്കളുടെ വന്ധ്യംകരണം |

| | |
|---|---|
| അടങ്കൽ തുക | 300,300/-രൂപ (വികസനഫണ്ട്) |
| ചെലവ് തുക | 300,300/-രൂപ (ബിൽ നം. 2/26-7-18 |
| നിർവഹണ ഉദ്യോഗസ്ഥൻ | വെറ്റിനറി സർജൻ |

മേൽ പദ്ധതിയ്ക്കായി പിൻവലിച്ച 300,300/-രൂപ, 143 തെരുവ് നായ്ക്കളെ പിടിച്ച് വന്ധ്യംകരണ ശസ്ത്രക്രിയ നടത്തിക്കുന്നതിനായി തിരുവനന്തപുരം ജില്ലാ മിഷൻ കോ ഓർഡിനേറ്റർക്ക് മുൻകൂറായി തുക കൈമാറിയിട്ടുണ്ട്. കുടുംബശ്രീ തുക വിനിയോഗിച്ചതിന്റെ സാക്ഷ്യപത്രവും നല്കിയിട്ടുണ്ട്. ആയതുമായി ബന്ധപ്പെട്ട് ചുവടെ പറയുന്ന അപാകങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

**1.** കുടുംബശ്രീയൂണിറ്റ്, വിന്നേഴ്സ് ഗ്രൂപ്പ്, അഞ്ചുതെങ്ങ് മുഖേനയാണ് പ്രവർത്തനം നടന്നത്. പ്രസ്തുത യൂണിറ്റ് വെറ്റിനറി സർജന് നൽകിയ സ്റ്റേറ്റ്മെന്റിൽ പട്ടിയുടെ വിവരണം, പട്ടിയെ പിടിച്ച തീയതി, സർജറി ചെയ്ത തീയതി, തിരികെ വിട്ട തീയതി എന്നിങ്ങനെ വിവരങ്ങൾ രേഖപ്പെടുത്തി നല്കിയിട്ടുണ്ട്. എന്നാൽ സർജറി ചെയ്തതുമായി ബന്ധപ്പെട്ട വിശദവിവരങ്ങൾ, ശസ്ത്രക്രിയ നടത്തിയ വെറ്റിനറി സർജന്റെ യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റ് (എം പാനൽ ചെയ്ത വെറ്റിനറി ഡോക്ടർ ആയിരിക്കണം), ആശുപത്രി അധികൃതരുടെ സാക്ഷ്യപ്പെടുത്തലുകൾ എന്നിവ ലഭ്യമാക്കിയിട്ടില്ല.

**2.** ശസ്ത്രക്രിയക്ക് ശേഷം നായകൾക്ക് വേണ്ടത്ര പരിചരണം നൽകിയതായി നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പാക്കിയതിന്റെ വിശദാംശങ്ങൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

**3.** ശസ്ത്രക്രിയക്ക് ശേഷം നായകളെ പിടിച്ച സ്ഥലത്ത് തന്നെ കൊണ്ട് വിട്ടിട്ടുണ്ട് എന്ന് ഉറപ്പാക്കിയിട്ടില്ല.

**4.** തെരുവ് നായ്ക്കളെ പിടിച്ചവർക്ക് വേണ്ടത്ര പരിശീലനം ലഭിച്ചിട്ടുള്ളവരാണെന്ന് ഉറപ്പ് വരുത്തിയിട്ടില്ല.

**5.** കുടുംബശ്രീയൂണിറ്റുകൾക്ക് സേവനതുക നൽകുന്നതിനായി നായ ഒന്നിന് 1000/-രൂപ വീതവും ട്രാൻസ്പോർട്ടേഷൻ, തീറ്റ എന്നിവയ്ക്ക് നായ ഒന്നിന് 200/- രൂപ വീതവും വൈദഗ്ധ്യ സേവനം ലഭ്യമാക്കുന്ന എം പാനൽ ചെയ്ത ഡോക്ടർക്ക് നായ ഒന്നിന് 400/-രൂപ വീതവും മരുന്ന്, അനുബന്ധ ചെലവുകൾ എന്നിവയ്ക്കായി നായ ഒന്നിന് 500/-രൂപ വീതവും ആകെ 2100/-രൂപ ഓരോ നായയെയും വന്ധ്യംകരിക്കുന്നതിനുവേണ്ടി കുടുംബശ്രീയൂണിറ്റുകൾക്ക് നൽകുന്നത്. ആയതിലേയ്ക്കായി 3,00,300/-രൂപ, 143 തെരുവ് നായ്ക്കളെ പിടിച്ച് വന്ധ്യംകരണ ശസ്ത്രക്രിയ നടത്തുന്നതിനായി കുടുംബശ്രീയൂണിറ്റുകൾക്ക് നൽകിയെങ്കിലും ആയത് സംബന്ധിച്ച ചെലവ് രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

**6.** പദ്ധതിയുടെ കൃത്യമായ മോണിട്ടറിംഗ് ബന്ധപ്പെട്ട വർക്കിംഗ് നടത്തിയിട്ടില്ല.

മേൽ അപാകങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും (29/19-03-2020) മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടി ലഭ്യമാക്കി തുടർനടപടികളിൽ നിന്നും ഒഴിവാകേണ്ടതാണ്.

## 1-25 കറവപശുക്കൾക്ക് കാലിത്തീറ്റ – ഗുണഭോക്തൃലിസ്റ്റിലില്ലാത്തവർക്ക് ആനുകൂല്യം നൽകി

| | |
|---|---|
| പ്രോജക്ട് നം, പേര് | S019/19 – തെരുവുനായ്ക്കളുടെ വന്ധ്യംകരണം |
| അടങ്കൽ തുക | 600000/-രൂപ (വികസനഫണ്ട് 300000, ഗുണഭോക്തൃവിഹിതം നേരിട്ട് ചെലവഴിക്കുന്നത് 300000) |
| ചെലവ് തുക | 277737/-രൂപ |

തെരഞ്ഞെടുക്കപ്പെടുന്ന 30 ഗുണഭോക്താക്കൾക്ക് ഒരു പശുവിന് പരമാവധി 10,000/-രൂപ സബ്സിഡി ആയി നിജപ്പെടുത്തിക്കൊണ്ട് സർക്കാർ നിശ്ചയിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും കാലിത്തീറ്റ വാങ്ങുന്നതിന് ആനുകൂല്യം നൽകുന്ന പദ്ധതിയാണ് ഇത്.

പ്രസ്തുത പദ്ധതി പ്രകാരം ആനുകൂല്യം ലഭിച്ചിട്ടുള്ള 30 ഗുണഭോക്താക്കളിൽ 6 ഗുണഭോക്താക്കളുടെ തെരഞ്ഞെടുപ്പ് ഗ്രാമസഭ അംഗീകരിച്ചിട്ടില്ല.

**വിശദ വിവരം ചുവടെ ചേർക്കുന്നു.**

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര്, മേൽവിലാസം | നൽകിയ തുക (രൂപ) |
|---|---|---|
| 1 | സുലത, വിഷ്ണുമന്ദിരം, നെടുങ്കണ്ട (വാർഡ് 2) | 9988 |
| 2 | ഗീതാ കുമാരി, അച്ചുനിവാസ്, അഞ്ചുതെങ്ങ് ( വാർഡ് 6) | 10000 |
| 3 | മണി, മനീഷ്ഭവൻ, കോവിൽത്തോട്ടം, അഞ്ചുതെങ്ങ് ( വാർഡ് 3) | 6109 |
| 4 | രേഖ ആർ, വയറ്റൻ വിളാകം, അഞ്ചുതെങ്ങ് (വാർഡ് 6) | 7101 |

| | | |
|---|---|---|
| 5 | ശ്രീജ, പാണന്റെ തൊടി, അഞ്ചുതെങ്ങ് (വാർഡ് 6) | 8238 |
| 6 | ലീന, താഴത്ത് വിളാകം, നെടുങ്കണ്ട (വാർഡ് 2) | 9988 |
| **ആകെ** | | **51424** |

11-7-2018 തീയതിയിൽ നടന്ന ജനറൽ കമ്മിറ്റിയുടെ 1(7) നമ്പർ തീരുമാനത്തിൽ ക്രമ നം. 1, 2, 4, 6-ലെ ഗുണഭോക്താക്കളുടെയും 6-9-18 ലെ 1(17) നമ്പർ തീരുമാനത്തിൽ ക്രമ നം. 4, 5 ലെ ഗുണഭോക്താക്കളുടെയും ലിസ്റ്റ് അംഗീകരിക്കാനും അടുത്ത ഗ്രാമസഭയിൽ വച്ച് സാധൂകരണം നടത്താനും തീരുമാനിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത ഗുണഭോക്താക്കളുടെ ലിസ്റ്റ് ഗ്രാമസഭയിൽ വച്ച് അംഗീകാരം വാങ്ങിയിട്ടില്ല.

മേൽ അപാകതക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് എൻക്വയറി (29/19-03-2020) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

വിവിധ പദ്ധതികളുടെ ഗുണഭോക്താവിനെ കണ്ടെത്തുന്നതിലും തെരഞ്ഞെടുക്കുന്നതിലും പൂർണമായ ജനപങ്കാളിത്തം ആവശ്യമായതിനാൽ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള ഉത്തരവാദിത്തം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കാണ്. ബഹു.കേരള ഹൈക്കോടതിയുടെ 4-4-1997 ലെ O.P No 18175/1996 നമ്പർ വിധിയിൽ സുതാര്യമായ രീതിയിൽ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള അധികാരസ്ഥാനങ്ങൾ ഗ്രാമസഭയാണെന്നും വിധിച്ചിട്ടുണ്ട്. ഏതൊരു ഗുണഭോക്താവിനെയും തെരഞ്ഞെടുക്കലും സുതാര്യമായ നടപടിക്രമം അനുസരിച്ചായിരിക്കണമെന്നും വ്യക്തമാക്കിയിട്ടുണ്ട്. ഗ്രാമസഭയിൽ വച്ച് അംഗീകാരം വാങ്ങാത്ത ലിസ്റ്റിലുള്ള ഗുണഭോക്താക്കൾക്കാണ് മുകളിൽ പരാമർശിക്കും പ്രകാരം സബ്സിഡി തുകയായ 51424/- രൂപ നൽകിയിരിക്കുന്നത്. ആയതിനാൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

## 1-26 പ്രാദേശിക നിരീക്ഷണമില്ലാത്ത പദ്ധതി-പഞ്ചായത്ത് ഓഫീസ് മട്ടുപ്പാവിലേക്ക് ഇരുമ്പ് ഗോവണി ജീർണാവസ്ഥയിൽ

പ്രോജക്റ്റ് നം : 141/19 (പഞ്ചായത്ത് ഓഫീസ് മട്ടുപ്പാവിലേക്ക് ഗോവണി)

അടങ്കൽ : 44550/- (വികസന ഫണ്ട് - )

4450/- (തനത് ഫണ്ട്)

ആകെ : 49000/-

ചെലവ് : 44550/- (വികസനഫണ്ട്)

ബിൽ നം.15/2018-19 തീ. 31.07.2018)

467/- (തനത് ഫണ്ട് - ചെക്ക് നം.27421 തീ. 30.03.2019)

ആകെ : 45017/-

നിർവ്വഹണോദ്യോഗസ്ഥൻ : അസി.എഞ്ചിനീയർ

അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ അഞ്ചുതെങ്ങ് ഗ്രാമപഞ്ചായത്ത് പത്താം വാർഡിലെ പഞ്ചായത്ത് ഓഫീസ് മട്ടുപ്പാവിലേക്ക് ഗോവണി എന്ന പദ്ധതി നിർവ്വഹണത്തിനായി വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ പഞ്ചായത്ത് ഭരണസമിതി നം.1(1) തി.22.01.2018 പ്രകാരം അംഗീകാരം നൽകി. ശ്രീ. തോബിയാസ് നെടുംതോപ്പ് കൺവീനറായും ശ്രീമതി ജോളി കുന്നംപുറം ചെയർമാനനായ ഗുണഭോക്തൃ സമിതിയെ 04.06.2018 ൽ തെരഞ്ഞെടുത്തു.

പ്രവൃത്തി നിർവഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

**1.** പദ്ധതി നടത്തിപ്പിനായി ഗുണഭോക്തൃ സമിതി ഗ്രാമപഞ്ചായത്തുമായി 05.07.2018 ൽ ഏർപ്പെട്ട കരാറിൽ ഗുണഭോക്തൃ സമിതി കൺവീനറോ ചെയർമാനോ സാക്ഷികളോ ഒപ്പ് വച്ചിട്ടില്ല.

**2.**05.07.2018ൽ ആരംഭിച്ച പ്രവൃത്തി 09.07.2018-ൽ പൂർത്തീകരിച്ചുവെങ്കിലും പദ്ധതി നടത്തിപ്പിനിടയിലോ പൂർത്തീകരണ ശേഷമോ ഗുണഭോക്തൃ സമിതി യോഗം ചേരുകയോ പദ്ധതി അവലോകനം ചെയ്യുകയോ ചെയ്തിട്ടില്ല.

**3.** ഗുണഭോക്തൃ സമിതി കൺവീനർ, ചെയർമാൻ എന്നിവർ ചേർന്ന് ജോയിന്റ് ബാങ്ക് അക്കൗണ്ട് തുടങ്ങുകയും ആയതിലേക്ക് മാത്രമേ തുക നല്കാവൂ എന്നിരിക്കെ കൺവീനറായ ശ്രീ.തോബിയാസിന്റെ (അക്കൗണ്ട് നം.40345101045648) അക്കൗണ്ടിലേക്ക് 43602/- രൂപ നൽകിയിരിക്കുന്നു.

**4.** എസ്റ്റിമേറ്റ് പ്രകാരം എെറ്റം നം.2 (13.63.1) പെയിന്റിങ്ങ് വിത്ത് അലുമിനിയം പെയിന്റ് -ന് ച.മീറ്ററിന് 92.15 രൂപാ നിരക്കിൽ 1843/- രൂപ നല്കിയിട്ടുണ്ട്. എന്നാൽ പെയിന്റ് വാങ്ങിയതിന്റെ ബില്ലോ മറ്റ് അനുബന്ധ രേഖകളോ ഫയലിൽ ലഭ്യമല്ല.

**5.** ഫയലിലെ പ്ലാൻ പ്രകാരം പഞ്ചായത്ത് ഓഫീസ് കെട്ടിടത്തിനോട് ചേർന്നായിരുന്ന ഗോവണി പണിയേണ്ടിയിരുന്നത് എന്നാൽ പഞ്ചായത്ത് ഓഫീസ് കെട്ടിടത്തിനോട് ചേർന്ന അടുത്ത കെട്ടിടത്തിൽ നിന്നാണ് ഗോവണി പണിതിരിക്കുന്നത്. ഇതിനായി പ്രൊജക്റ്റ് റിവൈസ് ചെയ്തിട്ടുമില്ല.

**6.** 09.07.2018-ൽ പൂർത്തീകരിച്ച ഇരുമ്പ് ഗോവണി, 18.07.2020 ൽ നടത്തിയ സ്ഥലപരിശോധനയിൽ തുരുമ്പെടുത്ത് ജീർണാവസ്ഥയിലാണെന്നും ഗോവണിയുടെ ഭാഗമായി നിർമ്മിച്ച പ്ലാറ്റ്ഫോം ഇളക്കി മാറ്റിയ നിലയിലാണെന്നും ബോധ്യപ്പെട്ടു.

ഈ അപാകതകൾ സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.22/ 17.03.2020 ന് നൽകിയ മറുപടിയിൽ പഞ്ചായത്ത് ഓഫീസിന് മുകളിൽ സോളാർ പ്ലാന്റ് സ്ഥാപിക്കൽ എന്ന പദ്ധതിക്ക് അനുബന്ധമായാണ് ഗോവണി സ്ഥാപിക്കൽ പ്രോജക്റ്റ് തയ്യാറാക്കിയതെന്നും പഞ്ചായത്ത് ഓഫീസ് നവീകരണം എന്ന പദ്ധതി നടപ്പിലാക്കുന്നതിലേക്കാണ് പ്ലാനിൽ മാറ്റം വരുത്തിയതെന്നും അറിയിച്ചിട്ടുണ്ട്.

പഞ്ചായത്ത് ഓഫീസിനു മുകളിൽ സ്ഥാപിച്ചിരിക്കുന്ന സോളാർപാനൽ സ്ഥിരം സംവിധാനമാണെന്നിരിക്കെ കേവലം രണ്ട് വർഷത്തിനുള്ളിൽത്തന്നെ തുരുമ്പെടുത്ത് ജീർണിക്കുന്ന ഇരുമ്പ് ഗോവണി നിർമ്മിച്ചത് സോളാർപാനലുകളുടെ ശുചീകരണത്തിനും അറ്റകുറ്റപ്പണികൾക്കും വിഘാതമാണ്. ആയതിനാൽ നിർവ്വഹണോദ്യോഗസ്ഥനും ഭരണസമിതിയും പദ്ധതി ആസൂത്രണം ചെയ്ത് നടപ്പിലാക്കിയത് ദീർഘവീക്ഷണവും പ്രാദേശിക കാലാവസ്ഥയും പ്രത്യേകതകളും മനസ്സിലാക്കാതെയും പരിഗണിക്കാതെയുമാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

കടൽക്കരയോട് നൂറ് മീറ്റർ മാത്രം അകലമുള്ള പഞ്ചായത്ത് ഓഫീസ് കെട്ടിടത്തിൽ ഇരുമ്പ് ഗോവണി നിർമിച്ചാൽ ഉപ്പ് കാറ്റേറ്റ് അത് നശിച്ച് പോകാൻ സാധ്യതയുണ്ടെന്ന പ്രാദേശിക നിരീക്ഷണമില്ലാതെയാണ് പദ്ധതി ആസൂത്രണം ചെയ്തതും നടപ്പിലാക്കിയതും. ഇത് പഞ്ചായത്ത് ഭരണസമിതിയുടെയും നിർവ്വഹണോദ്യോഗസ്ഥന്റെയും വീഴ്ചയായി കാണേണ്ടതാണ്. ഇരുമ്പ് ഗോവണി

നിർമിച്ചതിനു പകരം കോൺക്രീറ്റ് ഗോവണി നിർമ്മിച്ചിരുന്നുവെങ്കിൽ വർഷങ്ങളോളം ഉപയോഗിക്കാമായിരുന്നു.

**<u>തനത് ഫണ്ട് കൈമാറാതെ സൂക്ഷിച്ചിരിക്കുന്നു</u>.**

പ്രസ്തുത പ്രോജക്ടിലേക്കായി തനത് ഫണ്ട് വിഹിതമായി ചെലവഴിച്ച 467/- രൂപയുടെ വിശദാംശങ്ങൾ ഫയലിൽ ലഭ്യമല്ല. 30.03.2019 നാണ് തനത് ഫണ്ടിന്റെ ചെക്ക് ലഭിച്ചതെന്നും 01.04.2019 ന് കൺവീനർക്ക് അറിയിപ്പ് നൽകിയെങ്കിലും നാളിതുവരെ ചെക്ക് കൈപ്പറ്റുന്നതിന് എത്തിയിട്ടില്ലെന്നുമാണ് ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയത്. തനത് ഫണ്ട് തുക ഇക്കാലമത്രയും കൈവശം വച്ചത് ഗുരുതരമായ വീഴ്ചയാണ്. ആയതിനാൽ ടി തുക അടിയന്തരമായി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

# 1-27 കമ്പിവേലി കെട്ടൽ - എം ബുക്കിലെ അളവ് സ്ഥലപരിശോധനയിൽ കണ്ടില്ല.

പ്രോജക്ട് നം.131/19 (പഞ്ചായത്ത് ഓഫീസിന് കമ്പിവേലി) (സ്പിൽ ഓവർ)

അടങ്കൽ: 150000/- (വികസന ഫണ്ട്-സാധാരണ വിഹിതം)

ചെലവ്: 59043/- (ബിൽ നം.52/25.03.2019)

എം.ബുക്ക് നം. : 68/18-19

കരാറുകാരൻ : ശ്രീ.കവിരാജൻ

നിർവഹണം : അസി.എഞ്ചിനീയർ

പ്രസ്തുത പദ്ധതിയുടെ എം. ബുക്ക് പ്രകാരം എക്സ്ട്രാ ഐറ്റം 3 അനുസരിച്ച് 181.8 മീറ്റർ നീളത്തിൽ അഞ്ചു വരികളായി (ആകെ 909 മീറ്റർ) കമ്പിവേലി നിർമ്മിച്ചിട്ടുള്ളതും ആയതിന് 19.10 രൂപ നിരക്കിൽ 17361.90 രൂപ കരാറുകാരന് നൽകിയിട്ടുള്ളതുമാണ്. എന്നാൽ 19.03.2020 ന് നടത്തിയ സ്ഥലപരിശോധനയിൽ 70.8 മീറ്റർ നിളത്തിൽ മാത്രമേ കമ്പിവേലി അവശേഷിക്കുന്നുള്ളൂ.

വിഷയത്തിന്മേൽ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.35/20.03.2020) നൽകിയ മറുപടിയിൽ സാമൂഹ്യവിരുദ്ധരുടെ ശല്യം ഒഴിവാക്കുന്നതിനാണ് പദ്ധതി തയ്യാറാക്കിയതെന്നും ഗ്രാമപഞ്ചായത്ത്

കാര്യാലയം കടലിന് സമീപം സ്ഥിതിചെയ്യുന്നതിനാലും പ്രദേശത്തിന്റെ പ്രത്യേക സാഹചര്യവും മൂലമാണ് കമ്പിവേലി നശിച്ചതെന്നും കൂടാതെ പ്രസ്തുത കമ്പിവേലി ഇത്രവേഗം തുരുമ്പിക്കുമെന്ന് മുൻകൂട്ടി പ്രതീക്ഷിക്കാൻ സാധിച്ചില്ല എന്നുമാണ് അറിയിച്ചിട്ടുള്ളത്.

ഇരുമ്പ് കൊണ്ട് നിർമ്മിച്ച വസ്തുക്കൾ ഉപ്പ് കാറ്റേറ്റ് നശിക്കുമെന്ന് മുൻകൂട്ടി പ്രതീക്ഷിക്കുവാൻ സാധിച്ചില്ല എന്ന അസി.എഞ്ചിനീയറുടെ മറുപടി അംഗീകരിക്കുന്നില്ല. ആസൂത്രണത്തിലെ പാളിച്ചയും പാരിസ്ഥിതിക സാഹചര്യങ്ങൾ വിലയിരുത്തുന്നതിലെ അഭാവമാണ് 17361.90 രൂപ പാഴ്ചെലവാക്കി മാറ്റിയത് എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. നിലവിലുള്ള കരിങ്കൽ മതിലിന് (ഏകദേശം 5 മീറ്റർ ഉയരമുള്ളത്) ഉയരം കൂട്ടുന്നതിന് പദ്ധതി തയ്യാറാക്കി നടപ്പാക്കിയിരുന്നുവെങ്കിൽ നിലവിലെ അവസ്ഥ ഒഴിവാക്കാമായിരുന്നു.

## 1-28 ചെയ്യാത്ത പ്രവൃത്തിക്ക് പ്രതിഫലം നൽകി.

പ്രോജക്ട് നം. : 106/19

(ബി.ബി.എൽ.പി.എസ്സിൽ ഗേൾ ഫ്രണ്ട്ലി ടോയ്ലറ്റ് നിർമ്മാണം-11)

അടങ്കൽ : 4,20,000/- (വികസന ഫണ്ട്-സാധാരണ വിഹിതം)

ചെലവ് : 4,19,467/- (ബിൽ നം.38/12.03.2019)

എം.ബുക്ക് നം. : 68/18-19

കരാറുകാരൻ : ശ്രീ.സുദേവൻ

നിർവഹണം : അസി.എഞ്ചിനീയർ

പ്രസ്തുത പദ്ധതിയുടെ എസ്റ്റിമേറ്റ് പ്രകാരം ഐറ്റം നം 19 [17.11 – Providing and fixing water closet squatting pan (Indian type) with 100 mm Sand Cast Iron P or S trap, 10 ltr low level white PVC flushing cistern] ഫ്ളഷിംഗ് സിസ്റ്റേൺ ഉൾപ്പെടെയാണ് വാട്ടർ ക്ലോസറ്റ് (4എണ്ണം) സ്ഥാപിക്കേണ്ടിയിരുന്നത്. എം.ബുക്ക് പേജ് നം. 16 പ്രകാരം ആയത് ഉറപ്പിച്ചിട്ടുള്ളതായി സാക്ഷ്യപ്പെടുത്തിയിട്ടുള്ളതുമാണ്. ഈ ഇനത്തിൽ 5035.84/- രൂപ നിരക്കിൽ 20143.36/- രൂപ കരാറുകാരന് നൽകിയിട്ടുള്ളതുമാണ്. എന്നാൽ

19.03.2020-ന് നടത്തിയ സ്ഥലപരിശോധനയിൽ ഫ്ളഷ് സിസ്റ്റേൺ ഇല്ലാതെയാണ് ക്ലോസറ്റുകൾ സ്ഥാപിച്ചിട്ടുള്ളതെന്ന് ബോദ്ധ്യപ്പെട്ടിട്ടുണ്ട്.

വിഷയത്തിന്മേൽ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.35/20.03.2020) നൽകിയ മറുപടിയിൽ ഫ്ളഷിംഗ് സിസ്റ്റേൺ ഉൾപ്പെടെയുള്ള വാട്ടർ ക്ലോസറ്റാണ് സ്പെസിഫിക്കേഷനിലുള്ളതെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടില്ലായെന്നും നിലവിൽ സ്ഥാപിച്ചിട്ടുള്ള ഫ്ളഷിംഗ് സിസ്റ്റേൺ ഉൾപ്പെടാതെയുള്ള വാട്ടർ ക്ലോസറ്റിന്റെയും ഫ്ളഷിംഗ് സിസ്റ്റേൺ ഉൾപ്പെടെയുള്ള വാട്ടർ ക്ലോസറ്റിന്റെയും റേറ്റിലുള്ള വ്യത്യാസം കണക്കാക്കി ടി തുക കരാറുകാരനിൽ നിന്നും ഈടാക്കി പഞ്ചായത്തിൽ അടവാക്കി വിവരം അറിയിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ആയതിനാൽ പ്രസ്തുത തുക കണക്കാക്കി കരാറുകാരനിൽ നിന്നും ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം കരാറുകാരന് നൽകിയ 20,143.36/- രൂപയുടെ ഉത്തരവാദിത്തം നിർവ്വഹണോദ്യോഗസ്ഥനിൽ ചുമത്തുന്നതായിരിക്കും.

## 1-29 പ്ലാൻ, എസ്റ്റിമേറ്റ് എന്നിവയിൽ നിന്നും വ്യതിചലിച്ച് കോസ്റ്റൽ റഗുലേഷൻ സോണിൽ ഇന്ററർലോക്കിംഗ്

പ്രോജക്ട് നം.107/19 (പടിപ്പുര-ചായക്കടി നടപ്പാത ഇന്റർലോക്കിംഗ്-12)

അടങ്കൽ: 8,50,000/- (ധനകാര്യ കമ്മീഷൻ അവാർഡ്)

ചെലവ്: 8,09,110/- (ബിൽ നം.17/01.10.2018)

എം.ബുക്ക് നം. : 36/18-19

കരാറുകാരൻ : ശ്രീ.സജീഷ് കുമാർ

നിർവഹണം : അസി.എഞ്ചിനീയർ

പ്രസ്തുത പദ്ധതിയുടെ എസ്റ്റിമേറ്റ്, പ്ലാൻ എന്നിവ പ്രകാരം 12-ാം വാർഡിൽ 300മീ.x2മീ. അളവിലുള്ള നടപ്പാതയും ഈ പാതയിൽ നിന്നും കടൽക്കരയിലേക്ക് സമാന്തരങ്ങളായ 8 നടപ്പാതകളും (24മീ.x2മീ. അളവിൽ) ആണ് വിഭാവനം ചെയ്തിരുന്നത്. എം.ബുക്ക് പ്രകാരം പ്രസ്തുത പ്രവൃത്തി നിർവ്വഹിച്ചിട്ടുള്ളതായും രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 19.03.2020 ന് നടത്തിയ സ്ഥലപരിശോധനയിൽ എസ്റ്റിമേറ്റ്, പ്ലാൻ

എന്നിവയിൽ നിന്നും വ്യത്യസ്തമായി വീടുകൾക്കു ചുറ്റും ഇന്റർലോക്ക് ചെയ്തിരിക്കുന്നതായി ബോധ്യപ്പെട്ടു. കൂടാതെ പ്രദേശം CRZ -ൽ പ്പെട്ടതായും കാണുന്നു.

വിഷയത്തിന്മേൽ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.35/20.03.2020) നൽകിയ മറുപടിയിൽ ടി പ്രദേശം മത്സ്യത്തൊഴിലാളികൾ തിങ്ങിപ്പാർക്കുന്നതും CRZ -ൽ ഉൾപ്പെട്ടതാണെന്നും പ്രവൃത്തി ആരംഭിച്ചപ്പോൾ വാർഡ് മെമ്പർ ഉൾപ്പെടെ മത്സ്യത്തൊഴിലാളികൾ, പ്ലാൻ പ്രകാരം നടപ്പാത മാത്രം ഇന്റർലോക്കിട്ടാൽ, മഴക്കാലത്ത് തങ്ങളുടെ വീടുകളിൽ വെള്ളം കയറി ജീവന് ഭീഷണിയാകുമെന്നും ആയതിനാൽ അവരുടെ ആവശ്യപ്രകാരം പ്രവൃത്തി നിർവ്വഹിക്കുകയും ചെയ്തുവെന്ന് അറിയിച്ചിട്ടുണ്ട്.

മേൽ മറുപടിയിൽ നിന്നും യാതൊരു പഠനവും നടത്താതെയും പ്രാദേശികമായ ആവശ്യകതകൾ കണക്കിലെടുക്കാതെയുമാണ് പദ്ധതി തയ്യാറാക്കിയതെന്ന് വ്യക്തമാണ്. കൂടാതെ പ്രദേശം CRZ -ൽ ഉൾപ്പെട്ടതായതിനാൽ വേലിയേറ്റം, കടൽക്ഷോഭം എന്നിവ സംഭവിക്കുമെന്നതിനാൽത്തന്നെ പ്രസ്തുത ഇന്റർലോക്കിംഗിന്റെ ആയുസ്സ് എത്രത്തോളമായിരിക്കുമെന്നത് കാണേണ്ടിയിരിക്കുന്നു. ആയതിനാൽ പദ്ധതി ആസൂത്രണം ചെയ്യുമ്പോൾ നിർവ്വഹണോദ്യോഗസ്ഥനും ഭരണനേതൃത്വവും വളരെയധികം ജാഗ്രത പുലർത്തേണ്ടതുണ്ട്.

## 1-30 അങ്കണവാടി സംരക്ഷണം - പാകിയ ടൈലുകൾ ഇളകിയ നിലയിൽ

പ്രോജക്ട് നം.140/19 (അങ്കണവാടി സംരക്ഷണം വാർഡ്-7)

അടങ്കൽ: 6,27,302/- (ധനകാര്യ കമ്മീഷൻ അവാർഡ്)

ചെലവ്: 5,31,380/- (ബിൽ നം.34/18.01.2019)

എം.ബുക്ക് നം. : 244/17-18 & 244/17-18

കരാറുകാരൻ : ശ്രീ.സുദേവൻ

നിർവഹണം : അസി.എഞ്ചിനീയർ

മേൽ പദ്ധതിയുടെ എസ്റ്റിമേറ്റ് പ്രകാരം ഐറ്റം നം.7ആയി 12-ാം വാർഡിലെ അങ്കണവാടിയിൽ വാൾടൈലുകൾ പതിപ്പിക്കുന്നതിന് വ്യവസ്ഥ ചെയ്യുകയും (51.908 ചമീ.@1073.41/-രൂപ) എം.ബുക്ക് നം.

244/17-18 പേജ് നം. 32-38 പ്രസ്തുത പ്രവൃത്തി ചെയ്തിട്ടുള്ളതായി സാക്ഷ്യപ്പെടുത്തിയിട്ടുള്ളതുമാണ്. എന്നാൽ 19.03.2020-ന് നടത്തിയ സ്ഥലപരിശോധനയിൽ പ്രസ്തുത വാൾടൈലുകളിൽ പലതും, തറനിരപ്പിൽ നിന്നും ഏകദേശം ഒന്നര മീറ്റർ ഉയരത്തിൽ നിന്ന്, ഇളകിവീണ അവസ്ഥയിലാണെന്ന് ബോധ്യപ്പെട്ടിട്ടുള്ളതാണ്.

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നം.35/20.03.2020) നൽകിയ മറുപടിയിൽ ഇളകിപ്പോയ ടൈലുകൾ കരാറുകാരനെക്കൊണ്ട് തിരികെ പതിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും അല്ലാത്തപക്ഷം പ്രസ്തുത തുക ടിയാനിൽ നിന്നോ സെക്യൂരിറ്റി നിക്ഷേപത്തിൽ നിന്നോ ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

വളരെ ചെറിയ കുഞ്ഞുങ്ങൾ വരുന്ന അങ്കണവാടിയിൽ ഇപ്രകാരമുള്ള അരക്ഷിതമായ പ്രവൃത്തികൾ ആശാസ്യമല്ല. ആയതിനാൽ പ്രവൃത്തിയുടെ നിർവ്വഹണവേളയിൽ സൂപ്പർവിഷൻ വീഴ്ച കൂടാതെ ചെയ്യുന്നതിന് നിർവ്വഹണോദ്യോഗസ്ഥൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-31 പ്രോജക്ടുകൾ വ്യാപകമായി റിവൈസ് ചെയ്യുന്നു

ഗ്രാമപഞ്ചായത്തിൽ അസി. എഞ്ചിനീയർ നടപ്പാക്കിയ വിവിധ പദ്ധതികളുടെ രേഖകളും പഞ്ചായത്ത് കമ്മിറ്റി മിനിട്സുകളും പരിശോധിച്ചതിൽ ആകെയുള്ള 59 പദ്ധതികളിൽ (നടപ്പിലാക്കിയത്-44) ഭൂരിഭാഗം പ്രോജക്ടുകളും റിവിഷൻ നടത്തിയതായി കണ്ടു. ഏതാനും പദ്ധതികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം./പേര് | അടങ്കൽ | റിവൈസ് ചെയ്ത കമ്മിറ്റി തീരുമാനം |
|---|---|---|
| 106/19 (BBLPS ൽ ഗേൾസ് ഫ്രണ്ട്ലി ടോയ്ലറ്റ് നിർമ്മാണം) | 420000/- (വികസന ഫണ്ട്-പൊതുവിഭാഗം) | 2(2) – 11.05.2018 |
| 140/19 (അങ്കണവാടി സംരക്ഷണം വാർഡ് നം.7) | 627302/- (ധനകാര്യ കമ്മീഷൻ അവാർഡ്) | 1(1) – 19.03.2018 |
| 138/19 (കുരിശടി വടക്കുവിളാകം റോഡ് ഇന്റർലോക്കിംഗ് വാർഡ് നം.6) | 270000/- (ധനകാര്യ കമ്മീഷൻ അവാർഡ്) | കമ്മിറ്റി തീരുമാനം ലഭ്യമല്ല (റിവൈസ്ഡ് എസ്റ്റിമേറ്റ് ഫയലിൽ |

| | | |
|---|---|---|
| | | സൂക്ഷിച്ചിട്ടുണ്ട്) |
| 80/19 (ചേന്നൻവിള നടപ്പാത ഇന്റർലോക്കിംഗ് വാർഡ് നം.4) | 50000/- (ധനകാര്യ കമ്മീഷൻ അവാർഡ്) | 1(14) – 06.09.2018 |
| 54/19 (തുണ്ടത്തിൽ നടപ്പാത ഇന്റർലോക്കിടൽ-1) | 100000/- (ധനകാര്യ കമ്മീഷൻ അവാർഡ്) | 1(14) – 06.09.2018 |
| 132/19 (ഒന്നാം വാർഡിൽ കായിക്കര ആശാൻ സ്മാരകം റോഡ്) | 558987/- (ധനകാര്യ കമ്മീഷൻ അവാർഡ്) | 1(1) – 19.03.2018 |
| 114/19 (ആയുർവേദാശുപത്രി ഓട അറ്റകുറ്റപ്പണി) | 250000/- (മെയിന്റനൻസ് ഫണ്ട്-റോഡ്) | കമ്മിറ്റി തീരുമാനം ലഭ്യമല്ല (റിവൈസ്ഡ് എസ്റ്റിമേറ്റ് ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്) |
| 110/19 (കൊച്ചുമേത്തൻകടവ്- വിസ്റ്റാർ ഓട അറ്റകുറ്റപ്പണി) | 125000/- (മെയിന്റനൻസ് ഫണ്ട്-റോഡ്) | 2(1) – 17.11.2018 |
| 128/19 (മാമ്പള്ളി- ഇടങ്ങ്കടവ് റോഡ് റീടാറിംഗ് വാർഡ് 5) | 810000/- (മെയിന്റനൻസ് ഫണ്ട്-റോഡ്) | 6(12) – 23.10.2017 |
| 101/19 (പള്ളിക്കുടം മേക്കമ്മുറി നടപ്പാത ഇന്റർലോക്കിടൽ -10) | 243500/- (ധനകാര്യ കമ്മീഷൻ അവാർഡ്) | കമ്മിറ്റി തീരുമാനം ലഭ്യമല്ല (റിവൈസ്ഡ് എസ്റ്റിമേറ്റ് ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്) |
| 85/19 (കുരിശടി വടക്കുവിളാകം റോഡ് സംരക്ഷണഭിത്തി) | 270000/- (മെയിന്റനൻസ് ഫണ്ട്-റോഡ്) | 2(1)- 15.11.2018 |
| 116/19 (MMMGLPS ടോയ്ലെറ്റ് അറ്റകുറ്റപ്പണി വാർഡ് 2) | 115642/- (വികസന ഫണ്ട്- പൊതുവിഭാഗം) | 1(1)- 19.03.2018 |
| 117/19 (മാമ്പള്ളി- ഇറങ്ങുകടവ് റോഡ് ഓടയും സ്ലാബിടലും വാർഡ് 5) | 1026123/- (മെയിന്റനൻസ് ഫണ്ട്-റോഡ്) | കമ്മിറ്റി തീരുമാനം ലഭ്യമല്ല (റിവൈസ്ഡ് എസ്റ്റിമേറ്റ് ഫയലിൽ |

| | | |
|---|---|---|
| | | സൂക്ഷിച്ചിട്ടുണ്ട്) |
| 130/19 (പണയിൽ ലക്ഷം വീട്ഓട മെയിന്റനൻസ് വാർഡ് 4) | 763320/- (മെയിന്റനൻസ് ഫണ്ട്-റോഡ്) | 6(12)- 23.10.2017 |
| 107/19 (പടിപ്പുര- ചായക്കുടി നടപ്പാത ഇന്റർലോക്കിംഗ്- 12) | 850000/- (ധനകാര്യ കമ്മീഷൻ അവാർഡ്) | കമ്മിറ്റി തീരുമാനം ലഭ്യമല്ല (റിവൈസ്ഡ് എസ്റ്റിമേറ്റ് ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്) |
| 102/19 (BBLPS റോഡ് ഇന്റർലോക്കിടൽ) | 250000/- (ധനകാര്യ കമ്മീഷൻ അവാർഡ്) | കമ്മിറ്റി തീരുമാനം ലഭ്യമല്ല (റിവൈസ്ഡ് എസ്റ്റിമേറ്റ് ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്) |
| 113/19 (BBLPS അറ്റകുറ്റപ്പണി) | 1019350/- (ധനകാര്യ കമ്മീഷൻ അവാർഡ്) | 6(12)- 23.10.2017 |

ഇപ്രകാരം മേൽ പദ്ധതികളിൽ റിവിഷൻ നടത്തുവാനുണ്ടായ സാഹചര്യം വിശദമാക്കുവാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.25) ലഭ്യമാക്കിയ മറുപടി പ്രകാരം പദ്ധതികളുടെ ഡി.പി.സി അംഗീകാരം മുതൽ കരാർ നടപടികൾ പൂർത്തീകരിക്കുന്നതുവരെ ആറുമാസക്കാലം സമയം വേണ്ടിവരുന്നുവെന്നും പ്രവൃത്തി ആരംഭിക്കുമ്പോൾ സൈറ്റ് കണ്ടീഷനിൽ മാറ്റം വരുന്നുന്നതിനാൽ ആയതിനനുസരിച്ച് പ്ലാനുകളിലും എസ്റ്റിമേറ്റിലും മാറ്റം വരുത്തേണ്ടതായും വരുന്നുവെന്നും കൂടാതെ കെട്ടിടങ്ങൾ പണിചെയ്യുമ്പോഴും മെയിന്റനൻസ് നടത്തുമ്പോഴും ഓഫീസ് അധികാരികളുടെ ആവശ്യപ്രകാരം പ്രവൃത്തിയിൽ മാറ്റം വരുത്തേണ്ടിവരുന്നുവെന്നും ഓടകളുടെ കാര്യത്തിൽ പണിചെയ്യാൻ ചെല്ലുമ്പോഴാണ് സൈഡ് വാളുകളുടെ സ്ഥിതിയും വെള്ളം ഒഴുകിപ്പോകുന്നതിനുള്ള ചരിവും അറിയുവാൻ കഴിയുന്നത് എന്നും അറിയിച്ചിട്ടുണ്ട്.

മേൽ മറുപടിയിൽ നിന്നും എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് മുമ്പ് സ്ഥലത്തിന്റെ യഥാർത്ഥ അവസ്ഥ വിലയിരുത്തകയോ ആവശ്യകതകൾ ശരിയായി മനസ്സിലാക്കുകയോ ചെയ്യുന്നില്ലായെന്ന് വ്യക്തമാണ്. ഇപ്രകാരം പ്രോജക്ട്/എസ്റ്റിമേറ്റ് റിവിഷനുകൾക്കു മാത്രമായി മനുഷ്യശേഷി അധികമായി ഉപയോഗിക്കേണ്ടിവരുന്നതും പ്രവൃത്തികളിൽ ഉണ്ടാകുന്ന കാലതാമസവും ഗുണകരമല്ല. ആയതിനാൽ

പദ്ധതി തയ്യാറാക്കുന്നതിന് മുന്നോടിയായി സ്ഥലം സന്ദർശിച്ച് അവസ്ഥയും ആവശ്യകതയും തിരിച്ചറിയുന്നതിന് നിർവ്വഹണോദ്യോഗസ്ഥൻ തയ്യാറാകേണ്ടതുണ്ട്. ആയതിന് വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും ഭരണസമിതിയും പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതാണ്. ഓരോ വാർഡിലെയും ജനപ്രതിനിധികൾ പദ്ധതികൾ തയ്യാറാക്കുമ്പോൾ തന്നെ ആവശ്യമായ വിവരങ്ങൾ (സ്ഥലവാസികളുടെ ആവശ്യകത, പദ്ധതി പ്രദേശത്തിന്റെ അവസ്ഥ തുടങ്ങിയവ) നിർവ്വഹണോദ്യോഗസ്ഥന് കൈമാറിയാൽത്തന്നെ ഈ അധികമായുണ്ടാകുന്ന മനുഷ്യശേഷിയുടെ ഉപയോഗവും പ്രവൃത്തികളുടെ പൂർത്തീകരണത്തിലുണ്ടാകുന്ന കാലതാമസവും പരിഹരിക്കാവുന്നതിനും പ്രവൃത്തികളുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനും സഹായകമാകും.

## 1-32 മത്സ്യതൊഴിലാളികൾക്ക് കട്ടമരം പ്രോജക്ട് - മാർഗ്ഗ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.

പ്രോജ.നം.S0056/19 – മത്സ്യതൊഴിലാളികൾക്ക് കട്ടമരം - 2017-18

പ്രോജ.നം.S0056/19 – മത്സ്യതൊഴിലാളികൾക്ക് കട്ടമരം - 2018-19

അടങ്കൽ

വികസന ഫണ്ട് : 11,00,000/- ഗുണഭോക്തൃ വിഹിതം : 12,00,000/-

തൻ വർഷ ചെലവ് : 4,50,000/-

ബിൽ നം.2/18-19-/ 12.07.18--1,50,000/-

ബിൽ നം.7/18-19/-- 22.03.2019-2,00,000/-

ബിൽ നം.8/18-19- 25.03.2019–1,00,000/-

നിർവ്വഹണ ഉദ്യോഗസ്ഥൻ : ഫിഷറീസ് ഇൻസ്പെക്ടർ

മത്സ്യതൊഴിലാളികൾക്ക് എഫ്.ആർ.പി.കട്ടമരം വാങ്ങുന്നതിന് 50% സബ്സിഡി അനുവദിക്കുന്നതിന് 2017-18 സാമ്പത്തിക വർഷം വികസന ഫണ്ടിൽ നിന്ന് 12,00,000/- രൂപ വകയിരുത്തി രൂപീകരിച്ച പ്രോജക്ട് പൂർത്തിയാകാത്തതിനെ തുടർന്ന് 2018-19 സാമ്പത്തിക വർഷം സ്പിൽ ഓവറായി

നടപ്പിലാക്കിയിട്ടുണ്ട്. പ്രോജക്ട് രൂപീകരണത്തിലും നിർവ്വഹണത്തിലും സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ (സ.ഉ.(കൈ)22/2018/തസ്വഭവ തീയതി 14.02.2018) പാലിച്ചിട്ടില്ല. അപാകങ്ങൾ ചുവടെ ചേർക്കുന്നു.

**1.** 2017-18 സാമ്പത്തിക വർഷം രൂപീകരിച്ച പ്രോജക്ട് സ്പിൽ ഓവർ വർഷവും പൂർത്തീകരിക്കുന്നതിന് സാധിച്ചിട്ടില്ല.

**2.** മേൽ സബ്സിഡി മാർഗ്ഗരേഖ പ്രകാരം കട്ടമരത്തിന് 30,000/- രൂപ യൂണിറ്റ് വില നിരക്കിൽ 75% സബ്സിഡിയായി പരമാവധി 30,000/- രൂപ അനുവദിക്കാനാണ് സർക്കാർ നിർദ്ദേശം നൽകിയിട്ടുള്ളത്. എന്നാൽ 1,00,000/- രൂപ യൂണിറ്റ് നിരക്കിൽ 50% സബ്സിഡിയായി 50,000/- രൂപ ഓരോ ഗുണഭോക്താവിനും അനുവദിക്കുന്നതിനായാണ് പ്രോജക്ട് രൂപീകരിച്ച് നിർവ്വഹണം നടത്തിയിട്ടുള്ളത്. ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറി നം.28/19.03.2020 -ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

**3.** മാർഗ്ഗരേഖ പ്രകാരം, ഗുണഭോക്താക്കൾ സ്വന്തമായി മറ്റ് മത്സ്യബന്ധന ഉപാധികൾ ഇല്ലാത്തവരായിരിക്കണം. ഇത്തരത്തിൽ പരിശോധനാ റിപ്പോർട്ട് ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല.

4. സബ്സിഡി മാർഗ്ഗരേഖ പ്രകാരം FRP കട്ടമരത്തിന്റെ നിർമ്മാണം മുതൽ ഉദ്യോഗസ്ഥരും ഗുണഭോക്താക്കളും പരിശോധന നടത്തേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. പ്രോജക്ട് നിർവ്വഹണവുമായി ബന്ധപ്പെട്ട് കട്ടമരം നിർമ്മിച്ച ഗുണഭോക്താക്കൾക്ക് നൽകുന്നതിന് 2017-18 സാമ്പത്തിക വർഷം ടെണ്ടർ മുഖേന അമ്മ ബോട്ട് യാർഡ്, അഞ്ചുതെങ്ങ് എന്ന സ്ഥാപനത്തെ പഞ്ചായത്ത് തെരഞ്ഞെടുത്തു നൽകിയിട്ടുണ്ട്. പ്രസ്തുത സ്ഥാപനത്തിൽ നിന്ന് കട്ടമരം നിർമ്മിച്ച് നൽകിയതിന് ഗുണഭോക്താക്കൾ സമർപ്പിച്ച ബിൽ അടിസ്ഥാനമാക്കിയാണ് സബ്സിഡി അനുവദിച്ചിട്ടുള്ളത്. ഉദ്യോഗസ്ഥ തലത്തിലും, ഗുണഭോക്താക്കളും മാർഗ്ഗനിർദ്ദേശത്തിൽ അനുശാസിക്കുന്ന പ്രകാരം പരിശോധന നിർവ്വഹിച്ചതു സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നം.28/19.03.2020) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ കട്ടമരത്തിന്റെ ഗുണമേന്മ പരിശോധിച്ച് ഉറപ്പാക്കിയിട്ടുണ്ടെന്നത് ഉറപ്പാക്കാനാവുന്നില്ല.

**5.** മോണിറ്ററിംഗ് സമിതി റിപ്പോർട്ട്, നിർവ്വഹണ ഉദ്യോഗസ്ഥൻ തയ്യാറാക്കിയ പ്രോജക്ട് പൂർത്തീകരണ പത്രം എന്നിവയും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

മാർഗ്ഗരേഖ നിർദ്ദേശങ്ങൾ പാലിച്ച് പ്രോജക്റ്റ് രൂപീകരിക്കുന്നതിനും നിർവ്വഹണം നടത്തുന്നതിനും നിർവ്വഹണ ഉദ്യോഗസ്ഥൻ ശ്രദ്ധിക്കേണ്ടതാണ്. മേൽനോട്ട ചുമതലയുള്ള മത്സ്യബന്ധനം വർക്കിംഗ് ഗ്രൂപ്പിന്റെ ഭാഗത്തു നിന്ന് മോണിറ്ററിംഗിൽ വീഴ്ചയുണ്ടായതായി കാണുന്നു.

## 1-33 ഹരിത ഭവനം - മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല.

നിർവഹണം - കൃഷി ഓഫീസർ

പ്രോജ.നം. S0046/19

അടങ്കൽ -

വി.ഫ.-4,20,000/- JP –4,20,000/- B.C-5,24,400/- Tot-13,64,400/-

ചെലവ് -

വി.ഫ.-35,000/- JP –35,000/- Tot- 70,000/-

വീട്ടു വളപ്പിൽ ജൈവ കൃഷി പ്രോത്സാഹിപ്പിക്കുക, ഭൂഗർഭജല സംരക്ഷണം എന്നീ ലക്ഷ്യങ്ങളോടെ ഗ്രോബാഗ്, ഫലവൃക്ഷതൈകൾ, തെങ്ങ്, പച്ചക്കറിതൈകൾ, സംപുഷ്ടീകരിച്ച ചാണകം, കിണർ റീ ചാർജ്, മാലിന്യ സംസ്കരണ യൂണിറ്റ്, കോഴിയും കൂട്ടും അടങ്ങിയ ഒരു യൂണിറ്റിന് 22,740/- യൂണിറ്റ് കോസ്റ്റ് നിശ്ചയിച്ച് സബ്സിഡിയായി 14,000/- രൂപയും ഗുണഭോക്തൃവിഹിതമായി 8740/-രൂപയും അടങ്കൽ വകയിരുത്തി പ്രോജക്റ്റ് രൂപീകരിച്ചിട്ടുണ്ട്. എന്നാൽ, ഗുണഭോക്താക്കൾ സ്ഥാപനത്തിൽ അടയ്ക്കേണ്ട ഗുണഭോക്തൃ വിഹിതം, നേരിട്ട് ചെലവഴിക്കുന്നത് എന്നിവയിൽ വ്യക്തതയില്ലാതെയാണ് പ്രോജക്റ്റ് രൂപീകരിച്ചിട്ടുള്ളത്. പ്രോജക്റ്റ് വിശദാംശത്തിൽ ഇത്തരം വിവരം ഉൾക്കൊള്ളിച്ചിട്ടില്ല. പ്രോജക്റ്റ് നിർവ്വഹണത്തിലെ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

**1.** ഗുണഭോക്തൃ വിഹിതമിനത്തിൽ 940/- രൂപ നിരക്കിൽ ആകെ 4700/- രൂപ KAICO-യുടെ 57012937708 എന്ന അക്കൗണ്ടിൽ SBI Pay in slip മുഖേന ഒടുക്കു വരുത്തിയിട്ടുണ്ട്. ആയത് കളക്റ്റ് ചെയ്തതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറി നം.33/19.03.2020-ന് ഗുണഭോക്താക്കൾ നേരിട്ട് നിർവ്വഹണം നടത്തുന്ന രീതിയിലാണ് പ്രോജക്റ്റ് രൂപീകരിച്ചിട്ടുള്ളതെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ ബില്ലുകളുടെ പേമെന്റ്,

ഗുണഭോക്തൃവിഹിതം എന്നിവ കൃഷി ഭവൻ മുഖേനയാണ് ഒടുക്കുവരുത്തിയിട്ടുള്ളത്. ആയതിനാൽ പ്രസ്തുത ഗുണഭോക്തൃവിഹിതം രസീത് കൂടാതെ കളക്ട് ചെയ്ത് ഒടുക്കു വരുത്തിയതായി കാണുന്നു. ഈ വിഷയത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥന്റെ ജാഗ്രതക്കുറവ് ഉണ്ടായിട്ടുണ്ട്. തുടർ വർഷങ്ങളിൽ ഈ വിഷയത്തിൽ കൂടുതൽ ജാഗ്രത പുലർത്തേണ്ടതും പ്രോജക്ട് നിർവ്വഹണം സർക്കാർ മാർഗ്ഗ നിർദ്ദേശപ്രകാരം നടത്തുന്നുവെന്ന് നിർവ്വഹണ ഉദ്യോഗസ്ഥനും മേൽ നോട്ട ചുമതലയുള്ള കൃഷിയും അനുബന്ധമേഖലകളും വർക്കിംഗ് ഗ്രൂപ്പും ഉറപ്പ് വരുത്തേണ്ടതുമാണ്.

**2.** ഹരിത ഭവനം പോലെ വിവിധ ഘടകങ്ങൾ ഉൾക്കൊള്ളുന്ന പ്രോജക്ടിലെ വിവിധ ഘടകങ്ങൾ, സബ്സിഡി തുക, ഗുണഭോക്തൃ വിഹിതം എന്നിവയുടെ വിശദാംശം പ്രോജക്ട് രൂപീകരണഫോമിലെ ഖണ്ഡിക 42 അധിക വിവരങ്ങളിൽ ഉൾക്കൊള്ളിച്ച് വ്യക്തത വരുത്തുന്നതിന് ശ്രദ്ധിച്ചിട്ടില്ല.

**3.** സബ്സിഡി മാർഗ്ഗരേഖ പ്രകാരം വീട്ടുവളപ്പിൽ പരിസ്ഥിതി സൗഹൃദമായി ചെയ്യാൻ കഴിയുന്ന കൃഷി, മൃഗസംരക്ഷണം, ക്ഷീരവകസനം, ജലവിഭവ സംരക്ഷണം, മാലിന്യസംസ്കരണം, ഊർജ്ജസംരക്ഷണം, ഭക്ഷ്യ സുരക്ഷയുമായി ബന്ധപ്പെട്ട പ്രവൃത്തികൾ എന്നിവയുടെ പട്ടിക ഗുണഭോക്താവിന് നൽകി അടുത്ത നാലു വർഷങ്ങളിലായി നടപ്പിലാക്കാൻ കഴിയുന്ന പ്രവർത്തനങ്ങൾ രേഖപ്പെടുത്തി വാങ്ങേണ്ടതുണ്ട്. ഗുണഭോക്താക്കളുടെ പ്രവർത്തനങ്ങളുടെ കൃത്യമായ മോണിറ്ററിംഗിന് അനിവാര്യമായ എൻറോൾമെന്റ് ഫോം വാങ്ങി സൂക്ഷിച്ചിട്ടുള്ളത് പരിശോധനയ്ക്ക് ലഭ്യമാക്കാൻ ഓഡിറ്റ് എൻക്വയറി നം.33/19.03.2020-ൽ ആവശ്യപ്പെട്ടതിന് എൻറോൾമെന്റ് ഫോം വാങ്ങി സൂക്ഷിക്കുന്നതാണെന്ന മറുപടി ലഭ്യമാക്കിയതിൽ നിന്ന് സർക്കാർ ഫണ്ട് ചെലവഴിച്ചതല്ലാതെ പ്രോജക്ട് നിർവ്വഹണത്തിൽ മേൽനോട്ടം, തുടർ പരിശോധനകൾ എന്നിവ ഉണ്ടാകുന്നില്ല എന്ന് വ്യക്തമാകുന്നു. ഈ വിഷയത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥന്റെയും മേൽ നോട്ട ചുമതലയുള്ള കൃഷിയും അനുബന്ധ മേഖലകളും വർക്കിംഗ് ഗ്രൂപ്പിന്റെയും ഭാഗത്തുനിന്ന് വീഴ്ച സംഭവിച്ചതായി കാണുന്നു. എൻറോൾമെന്റ് ഫോം വാങ്ങി സൂക്ഷിക്കുകയും സർക്കാർ മാർഗ്ഗനിർദ്ദേശപ്രകാരമുള്ള തുടർപ്രവർത്തനങ്ങൾ നിർവ്വഹിക്കുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

**4.** മാലിന്യ സംസ്കരണത്തിന് റിംഗ് കംപോസ്റ്റിംഗ് രീതിക്കായി ഗുണഭോക്താക്കൾക്ക് സബ്സിഡി അനുവദിച്ചിട്ടുള്ളത് സിമന്റ് റിംഗ് തയ്യാറാക്കിയതിനാണ്. ഈ വിഷയത്തിലെ (റിംഗ് കംപോസ്റ്റിംഗ്) ശുചിത്വ മിഷന്റെ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിന് മേൽ നോട്ട ചുമതലയുള്ള കൃഷിയും അനുബന്ധ മേഖലകളും വർക്കിംഗ് ഗ്രൂപ്പിന്റെയും ഇടപെടൽ ഉണ്ടാകേണ്ടതുണ്ട്.

**5.** 10.05.2018-ലെ ഗ്രാമപഞ്ചായത്ത് യോഗം തീരുമാനം നം.2(3) പ്രകാരം അംഗീകരിച്ച് ലഭ്യമാക്കിയ ഗുണഭോക്തൃ ലിസറ്റിൽ 49 ഗുണഭോക്താക്കൾ ഉൾപ്പെട്ടിട്ടുണ്ട്. കൂടാതെ, 15.11.2018-ലെ 2(21) നമ്പർ യോഗതീരുമാനം പ്രകാരം ശ്രീമതി. ഹൃദയാംബിക, തിട്ടയിൽ വീട്, അഞ്ചുതെങ്ങ് എന്ന ഗുണഭോക്താവിന് ആനുകൂല്യം ലഭ്യമാക്കുന്നതിന് നിർദ്ദേശം നൽകി ആനുകൂല്യം അനുവദിച്ചിട്ടുണ്ട്.

**i)** ശ്രീമതി.ഹൃദയാംബികയെ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടുത്തിയത് ഗ്രാമസഭ അംഗീകാരം നൽകിയതിന്റെ വിശദാംശം ലഭ്യമാക്കിയിട്ടില്ല.(ഓഡിറ്റ് എൻക്വയറി നം.33/19.03.2020).

2.**)** 60 ഗുണഭോക്താക്കൾക്കായി പ്രോജക്ട് രൂപീകരിക്കുകയും, 50 ഗുണഭോക്താക്കൾ ലിസ്റ്റിൽ ഉൾപ്പെടുകയും ചെയ്തിട്ടും 2018-19 സാമ്പത്തിക വർഷം 5 ഗുണഭോക്താക്കൾക്കു മാത്രമാണ് പദ്ധതി ആനുകൂല്യം ലഭിച്ചിട്ടുള്ളത്. പദ്ധതി രൂപീകരണത്തിൽ ആവശ്യകതാനിർണ്ണയത്തിന്റെ അഭാവവും, പദ്ധതി വിവരങ്ങൾ ഗുണഭോക്താക്കളിലെത്തിക്കുന്നതിലെ അപര്യാപ്തതയുമാണ് ഇത്തരം സാഹചര്യം ഉണ്ടാകുന്നതിന് കാരണമാകുന്നത്. ഈ വിഷയങ്ങളിൽ നിർവ്വഹണ ഉദ്യോഗസ്ഥനും ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പും കൂടുതൽ ജാഗ്രത പുലർത്തേണ്ടതുണ്ട്.

**6.** സബ്സിഡി മാർഗ്ഗരേഖ സ.ഉ.(കൈ)നം.22/2018/ത.സ്വ.ഭ.വ. തീയതി 14.02.2018 പ്രകാരം കിണർ റീ ചാർജിംഗ് പോലെ മൂല്യ നിർണ്ണയം ആവശ്യമായി വരുന്ന സംഗതികളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ എഞ്ചിനീയർ/ ഓവർസിയർ പരിശോധന നടത്തി എസ്റ്റിമേറ്റ് നിർണ്ണയിച്ച് തുക അനുവദിക്കേണ്ടതാണ്. സ.ഉ.(കൈ)നം./215/2017/ത.സ്വ.ഭ.വ തീയതി.03.11.2017 മാർഗ്ഗരേഖ പ്രകാരം കിണർ റീചാർജിംഗ് നിർമ്മാണ പ്രവർത്തനങ്ങൾക്കായി ശുദ്ധീകരണ സംവിധാനമുൾപ്പെടെയുള്ള കിണർ റീചാർജിംഗിലൂടെ പുരപ്പുറങ്ങളിലെ മഴവെള്ളം കിണറുകളിൽ എത്തിക്കുന്ന രീതിയോ, കിണറുകൾക്ക് സമീപം കുഴികളെടുത്ത് അവയിൽ മേൽക്കൂരകളിലെ മഴവെള്ളമെത്തിച്ച് മണ്ണിലൂടെ അരിച്ച് കിണറുകളിൽ എത്തിക്കുന്ന രീതിയോ ചെയ്യാവുന്നതാണ്. ശ്രീമതി വീണ(4500/-രൂപ), ശ്രീമതി ലത(3127/-രൂപ), ശ്രീമതി തങ്കമണി(3127/-രൂപ) ശ്രീമതി ഹൃദയാംബിക(3127/-രൂപ) എന്നീ ഗുണഭോക്താക്കൾ വില യഥാക്രമം രേഖപ്പെടുത്തിയിട്ടുള്ള പി.വി.സി. വാട്ടർ ടാങ്കിൽ മഴവെള്ളം ശേഖരിക്കുന്ന രീതിയിലാണ് നിർമ്മാണം നടത്തിയിട്ടുള്ളത്. (ഓവർസിയറുടെ വെരിഫിക്കേഷൻ റിപ്പോർട്ട്) പ്രോജക്ട് നിർവ്വഹണ വേളകളിൽ ഇതു സംബന്ധിച്ച സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

7. പദ്ധതിയുടെ ഭാഗമായി അനുവദിക്കുന്ന കോഴിയും കൂടും ഗുണഭോക്താക്കൾ വാങ്ങുന്ന വിധമാണ് വിഭാവനം ചെയ്തിട്ടുള്ളത്. ഇത്തരം സാഹചര്യത്തിൽ, സ്ഥാപന തല എഞ്ചിനീയർ/ ഓവർസിയർ കൂടിന്റെ മൂല്യ നിർണ്ണയം നടത്തുന്നതിനനുസൃതമായി 25% തുക സബ്സിഡിയായി അനുവദിക്കാവുന്നതാണ്. ഓവർസിയർ മൂല്യനിർണ്ണയം നടത്തിയതിന്റെ വിശദാംശം ലഭ്യമാക്കിയിട്ടില്ല. കോഴിക്കുഞ്ഞുങ്ങളുടെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിനായി സർക്കാർ അംഗീകൃത സ്ഥാപനങ്ങളിൽ നിന്ന് വാങ്ങി നൽകേണ്ടതുണ്ട്. ഈ വിഷയത്തിൽ ഓരോ ഗുണഭോക്താവിനും അനുവദിച്ച 2250/- രൂപയുടെ(1750+500) ചെലവ്, (ആകെ 2250X5= 11250/-) സാധൂകരിക്കുന്ന രേഖകൾ/പരിശോധന റിപ്പോർട്ടുകൾ എന്നിവ ലഭ്യമാക്കിയിട്ടില്ല.(ഓഡിറ്റ് എൻക്വയറി നം.33/19.03.2020). ഓവർ സിയറുടെ പരിശോധനറിപ്പോർട്ട് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

8. പദ്ധതി മാർഗ്ഗരേഖ സ.ഉ.(കൈ)നം.11/2018/ത.സ്വ.ഭ.വ തീയതി. 29.01.2018 പ്രകാരമുള്ള പ്രോജക്റ്റ് പൂർത്തീകരണ പത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

സർക്കാർ ഫണ്ടിന്റെ വിനിയോഗം മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി നടത്തുന്നതിനും തുടർ നടപടികൾ പരിശോധനാവിധേയമാക്കുന്നതിനും വിഷയം മേൽ നോട്ട ചുമതലയുള്ള കൃഷിയും അനുബന്ധ മേഖലകളും വർക്കിംഗ് ഗ്രൂപ്പിന്റെ ശ്രദ്ധയിൽപെടുത്തുന്നു.

## 1-34 ആവശ്യകതാ നിർണ്ണയം കൂടാതെയുള്ള പ്രോജക്ട് രൂപീകരണം- ഫണ്ട് വിനിയോഗം നടക്കുന്നില്ല.

**1.പ്രോജ.നം.S0048/19 – ജലശ്രീ - കിണർ റീചാർജ്**

അടങ്കൽ -

വി.ഫ.-7,20,000/- BP-2,88,000/- JP –432,000/- B.C-1,60,000/- Tot-16,00,000/-

ചെലവ് -

വി.ഫ.-7,200/- BP-2,880/- JP –4320/- B.C-1600/-(നേരിട്ട്) Tot-16,000/-

**2. പ്രോജ.നം.S0049/19 – ജലശ്രീ - കിണർ റീചാർജ്(എസ്.സി.പി.)**

അടങ്കൽ -

വി.ഫ.(എസ്.സി.പി)-40,000/- BP-16,000/- JP -24,000/- Tot-80,000/-

ചെലവ് - ഇല്ല.

ആവശ്യകതാ നിർണ്ണയം നടത്തി പ്രോജക്ടുകൾ രൂപീകരിക്കുന്നതിൽ ശ്രദ്ധ ചെലുത്താത്തത് ഫണ്ട് തുക പാഴാകുന്നതിന് കാരണമാകുന്നു.

ഗ്രാമപഞ്ചായത്തിലെ 200 തുറന്ന ജലസേചന കിണറുകളെ റീചാർജ് നടത്തി ജലസംരക്ഷണം ഉറപ്പു വരുത്തുകയും ജലലഭ്യത വർദ്ധിപ്പിക്കുക എന്നീ ലക്ഷ്യങ്ങളോടെയാണ് പ്രോജക്ട് (S0048/19) രൂപീകരിച്ചിട്ടുള്ളത്. പ്രസ്തുത പ്രജക്ടിനായി 16,00,000/- രൂപ വികസന ഫണ്ടിൽ നിന്ന് വകയിരുത്തുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഗുണഭോക്തൃ ലിസ്റ്റ് പ്രകാരം 91 ഗുണഭോക്താക്കൾ മാത്രമാണ് പ്രോജക്ട് ആനുകൂല്യത്തിനായി അപേക്ഷിച്ചിട്ടുള്ളത്. തൻ വർഷം 2 ഗുണഭോക്താക്കൾക്കു മാത്രമാണ് പ്രോജക്ടിന്റെ ആനുകൂല്യം ലഭിച്ചിട്ടുള്ളത്. (ഫണ്ട് വിനിയോഗം1%). (ഓഡിറ്റ് എൻക്വയറി നം.32/19.03.2020)

പ്രോജക്ട് നം.S0049/19- കിണർ റീചാർജിംഗ് എസ്.സി.പി. ഫണ്ട് - പ്രസ്തുത പ്രോജക്ടിനായി ഗുണഭോക്തൃ ലിസ്റ്റ് പ്രകാരം 1 ഗുണഭോക്താവാണുള്ളത്. 10 ഗുണഭോക്താക്കൾക്കായി പ്രോജക്ട് രൂപീകരിച്ചിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷം പ്രോജക്ട് നിർവ്വഹണം നടത്തിയിട്ടില്ല. പഞ്ചായത്ത് സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം മേഖലയിലെ പട്ടികജാതി വിഭാഗം സാമ്പത്തികമായും സാമൂഹ്യപരമായും ഏറെ പിന്നാക്കാവസ്ഥയിലാണ്. ഈ വിഭാഗത്തിനായി രൂപീകരിക്കുന്ന പ്രോജക്ടുകൾ ഫലപ്രാപ്തിയിൽ എത്തിക്കുന്നതിന് പ്രത്യേക ശ്രദ്ധ കൊടുക്കേണ്ടതുണ്ട്.

ആവശ്യകതാ നിർണ്ണയം നടത്താതെ പ്രോജക്ട് രൂപീകരിക്കുന്നതും ജലദൗർലഭ്യം നേരിടുന്ന തീരദേശ മേഖലയിൽ പദ്ധതിയുടെ പ്രയോജനം ഗുണഭോക്താക്കളിൽ എത്തിക്കാൻ കഴിയാത്തതും പ്രോജക്ട് രൂപീകരണത്തിലെയും നിർവ്വഹണത്തിലെയും പോരായ്മകളെ സൂചിപ്പിക്കുന്നു. സാമ്പത്തികമായും സാമൂഹികമായും ഏറെ പിന്നാക്കം നിൽക്കുന്ന മേഖല എന്ന നിലയിൽ പ്രോജക്ടുകൾ രൂപീകരിക്കുന്നതിലും നിർവ്വഹണം നടത്തുന്നതിലും ഉണ്ടാകുന്ന വീഴ്ചകൾ കണ്ടെത്തി പരിഹരിക്കുന്നതിന് അടിയന്തര നടപടി ഉണ്ടാകേണ്ടതുണ്ട്. ശരിയായ വിലയിരുത്തൽ കൂടാതെ പ്രോജക്ട് രൂപീകരിക്കുന്നതും ഫണ്ട് വകയിരുത്തുന്നതും മറ്റ് അവശ്യ പ്രോജക്ടുകൾക്ക് ഫണ്ട് ദൗർലഭ്യമുണ്ടാകുന്നതിന് ഇടയാകുമെന്നതിനാൽ വിഷയം ബന്ധപ്പെട്ട കൃഷിയും അനുബന്ധ മേഖലകളും വർക്കിംഗ് ഗ്രൂപ്പിന്റെയും,

പട്ടികജാതി വികസന വർക്കിംഗ് ഗ്രൂപ്പിന്റെയും വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-35 ലൈഫ് ഭവന പദ്ധതി മുഴുവൻ ഗുണഭോക്താക്കളും ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

| | |
|---|---|
| പ്രോജക്റ്റ് നം , പേര് | S0112/19ലൈഫ് ഭവന പദ്ധതി ( ജനറൽ) |
| അടങ്കൽ തുക | 1,44,00,000 |
| ചെലവ് തുക | 83,58,000 |

ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെടുത്തി ഓരോ ഗുണഭോക്താവിനും 4,00,000/-രൂപ വീതം 36 ഗുണഭോക്ക്താക്കൾക്ക് ആനുകൂല്യം നല്കുന്നതിനായി തുക വകയിരുത്തിയതിൽ 31 പേർ എഗ്രിമെന്റ് വച്ചിട്ടുണ്ട്. ഇതിൽ 2018-19, 2019-20 വർഷങ്ങളിലായി 27 ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തികരിച്ചിട്ടുണ്ട്. 4 പേർ പണി പൂർത്തികരിച്ചിട്ടില്ല. വിശദ വിവരം ചുവടെചേർക്കുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേരും വിലാസവും | നാളിതുവരെ കൈപ്പറ്റിയ തുക (രൂപ) |
|---|---|---|
| 1 | ജോയ്സ് സാബു, കൊച്ചുകിണറ്റിൻമൂട്, മാമ്പള്ളി | 3,00,000 |
| 2 | ഗിരിജ, പരയൻ വിളാകംവീട്, അഞ്ചുതെങ്ങ് | 40,000 |
| 3 | അൽഫോൺസ്യ, വിളക്കുമാടം, അഞ്ചുതെങ്ങ് | 3,00,000 |
| 4 | ഷെർളി രാജു, വിളയിൽ പുരയിടം, അഞ്ചുതെങ്ങ് | 3,00,000 |

ക്രമ നം.1-ലെ ഗുണഭോക്താവ് വീട് കോൺക്രീറ്റ് വരെയുള്ള പ്രവൃത്തി നിർവഹിച്ചുവെന്നും ക്രമ നം. 2 ലെ ഗുണഭോക്താവ് അഡ്വാൻസ് തുക കൈപ്പറ്റിയെങ്കിലും ടിയാന് വീട് പണിയാൻ താല്പര്യമില്ലായെന്നും ക്രമ നം. 3 ലെ ഗുണഭോക്താവ് ലിന്റിൽ വരെ പണി നടത്തിയെങ്കിലും പരാതി ആയതിനാൽ തുക നൽകാൻ കഴിഞ്ഞില്ലായെന്നും ക്രമ നം.4-ലെ ഗുണഭോക്താവ് വീട് പണി പൂർത്തീകരിച്ചെങ്കിലും പരാതി

ആയതിനാൽ തുക നൽകാൻ കഴിഞ്ഞില്ലായെന്നും ഓഡിറ്റ് എൻക്വയറിക്ക് (നം. 13/16-03-2020) മറുപടി നൽകി.

ക്രമ നം.1-ലെ ഗുണഭോക്താവായ ജോയ്സ് സാബുവിനെക്കൊണ്ട് ഭവനനിർമാണം പൂർത്തീകരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതും ക്രമ നം.2-ലെ ഗുണഭോക്താവായ ഗിരിജയിൽ നിന്നും അഡ്വാൻസ് തുകയായ 40,000/-രൂപ തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ക്രമ നം. 3, 4 ലെ ഗുണഭോക്താക്കൾക്ക് (അൽഫോൺസ്യ, ഷെർളി രാജു) എതിരെയുള്ള പരാതി തീർപ്പായില്ലായെങ്കിൽ പ്രസ്തുത ഗുണഭോക്താക്കൾ നാളിതുവരെകൈപ്പറ്റിയ തുകയായ 3,00,000/-രൂപ വീതം തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-36 വെൻഡിംഗ് മെഷീൻ - ഇൻസ്റ്റലേഷൻ വിവരം ലഭ്യമാക്കിയില്ല

| | |
|---|---|
| പ്രോജക്ട് നം, പേര് | S0165/19 – സാനിട്ടറി നാപ്കിൻ വെൻഡിംഗ് മെഷീൻ |
| അടങ്കൽ തുക | 8,00,000/-രൂപ(സംസ്ഥാനാവിഷ്കൃത ഫണ്ട്) |
| ചെലവ് തുക | 1,18,350/-രൂപ (ചെക്ക് നം. 2897129/28-2-2019 |
| നിർവഹണം | ഐ സി ഡി എസ് സൂപ്പർവൈസർ |

വനിതാവികസന കോർപ്പറേഷൻ നടപ്പിലാക്കുന്ന ഷീപാഡ് പദ്ധതി പ്രകാരം പഞ്ചായത്ത് പ്രദേശത്തുള്ള രണ്ട് എയ്ഡഡ് ഹയർ സെക്കന്ററി സ്കൂളുകളിലും വിട്ടുകിട്ടിയ സ്ഥാപനങ്ങളിലും നാപ്കിൻ വെൻഡിംഗ് മെഷീൻ, ഷീ പാഡ്, അലമാര എന്നിവ സ്ഥാപിക്കുന്നതിനായാണ് പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. സെന്റ് ജോസഫ് എച്ച് എസ് എസ് അഞ്ചുതെങ്ങ്, എസ് എൻ വി എച്ച് എസ് എസ് നെടുങ്കണ്ട എന്നീ സ്കൂളുകളിൽ നിന്നും ലഭിച്ച എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ 1,18,350/-രൂപ മുൻകൂറായി വനിതാവികസന കോർപ്പറേഷന് നൽകിയെങ്കിലും പ്രസ്തുത സ്കൂളുകളിൽ വെൻഡിംഗ് മെഷീൻ സ്ഥാപിച്ചതായിട്ടുള്ള വിവരങ്ങൾ പരിശോധനക്ക് ലഭ്യമാക്കിയില്ല. ആയത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (നം.39/20-03-2020)നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. മെഷീൻ സ്ഥാപിച്ചത് സംബന്ധിച്ച വിവരം ലഭ്യമാക്കുന്നതുവരെ ചെലവ് തുക 1,18,350/-രൂപ തടസ്സപ്പെടുത്തുന്നു.

## 1-37 കേടായ മരുന്നുകൾക്ക് പകരം മരുന്ന്

ലഭ്യമാക്കിയിട്ടില്ല.

| | |
|---|---|
| പ്രോജക്റ്റ് നം | SO28/18 |
| പേര് | ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ | 150000/- മെ.ഫ (റോഡിതരം) |
| ചെലവ് | 150000/- മെ..ഫ (റോഡിതരം) |
| ബിൽ നം | 01/18-19, 150000/-, 31.07.2018 |
| സ്റ്റാന്റിംഗ് കമ്മിറ്റി ശുപാർശ | I(1)/02.03.2018 |
| ഭരണാനുമതി | I(1)/03.03.2018 |

മേൽ പദ്ധതിക്കായി 150000/- രൂപ 31.07.2018-ന് ഹോംകോയ്ക്ക് ട്രാൻസ്ഫർ ചെയ്ത് നൽകുകയും ചുവടെ പറയും പ്രകാരം മരുന്നുകൾ ലഭിക്കുകയും ചെയ്തിട്ടുണ്ട്.

| ക്രമ നം | ഇൻവോയിസ് നം, തീയതി | തുക |
|---|---|---|
| 1 | LF-182/19-20, 13.05.2019 | 92470 |
| 2 | LF-314/19-10, 30.05.2019 | 57530 |
| | ആകെ | 150000 |

എന്നാൽ ഇതിൽ ക്രമ നം 2 പ്രകാരം ലഭ്യമാക്കിയവയിൽ ചുവടെ പറയുന്നവ പൊട്ടിയതായതിനാൽ ഉപയോഗശൂന്യമായിരുന്നു.

| ക്രമ നം | മരുന്ന് (സിറപ്പ്), അളവ് | തുക |
|---|---|---|
| 1 | Brahmi syrap (2 എണ്ണം 100 ml) | 90 |
| 2 | Drosera (2 എണ്ണം 100 ml) | 90 |
| 3 | Avana Sataiva (4 എണ്ണം 100 ml) | 180 |
| 4 | Gryntelea (3 എണ്ണം 100ml) | 135 |
| | ആകെ | 495 |

ഈ വിഷയം സംബന്ധിച്ച് മെഡിക്കൽ ഓഫീസർ 27.06.2019 ന് ഹോംകോയ്ക്ക് കത്ത് നൽകിയിട്ടുണ്ട്.

മേൽ പറഞ്ഞിട്ടുള്ള 11 സിറപ്പുകൾ അടുത്ത മെഡിസിൻ പാക്കേജ് വരുമ്പോൾ നൽകാമെന്ന് ഫോൺ സന്ദേശം മൂലം അറിയിച്ചിട്ടുള്ളതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇവ നാളിതുവരെ ലഭിച്ചിട്ടില്ല.

ഇത് സംബന്ധിച്ച് തുടർനടപടി സ്വീകരിച്ച് മരുന്നുകൾ ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# ഭാഗം -2
# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

ഇല്ല.

# ഭാഗം -3
# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

ഇല്ല.

# ഭാഗം -4
# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 17-06-2019 മുതൽ 18-06-2019 വരെ | നം. കെ.എസ്.എ.റ്റി.വി.എം.ജി.പി.8/ 1129/2019, തീയതി 19.08.2019 |

## 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാപഞ്ചായത്ത് | 2018-19 | 4320 | കിണർ റീ ചാർജിംഗ് | 4320 | 0 |
| | | 35000 | ഹരിത ഭവനം | 35000 | 0 |
| | | 309137 | ലൈഫ് ജനറൽ | 309137 | 0 |
| | | 125601 | ലൈഫ് SCP | 111760 | 13841 |
| | | 78375 | സ്നേഹസ്പർശം | 78375 | 0 |
| | | 60000 | പാലുല്പാദനത്തിന് സബ്സിഡി - | 60000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 2880 | കിണർ റീ ചാർജിംഗ് | 2880 | 0 |
| | | 291700 | ലൈഫ് | 176700 | 115000 |
| | | 78375 | സ്നേഹസ്പർശം | 78375 | 0 |
| | | 100000 | പാലുല്പാദനത്തിന് സബ്സിഡി | 100000 | 0 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ | ചെലവഴിച്ച തുക | ബാക്കിയുള്ള തുക |
|---|---|---|---|---|

| | | തുക | | |
|---|---|---|---|---|
| കെഎസ്ഇബി | പോസ്റ്റ് മാറ്റി സ്ഥാപിക്കൽ(71/18) | 100000 | 0 | 100000 |
| കെഎസ്ഇബി | തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിനായി ഇലക്ട്രിക് ലൈൻ എക്സ്റ്റൻഷൻ(103/18) | 12700 | 0 | 12700 |
| കെ.ഡബ്ല്യൂ.എ | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ(150/18) | 3390315 | 0 | 3390315 |

നിക്ഷേപ പ്രവൃത്തികൾക്കായി നൽകിയ തുകയുടെ നീക്കിയിരിപ്പ് വിശദാംശം ചുവടെപ്പറയും പ്രകാരമാണ്.

| | വാട്ടർ അതോറിറ്റി | കെ.എസ്.ഇ.ബി. |
|---|---|---|
| 17-18 B-18 പ്രകാരം നീക്കിയിരിപ്പ് | 191000 | 70550 |
| സുലേഖ ചെലവ് പത്രിക പ്രകാരം 18-19 വർഷത്തെ നിക്ഷേപം | 3390315 | 112700 |
| **ആകെ** | **3581315** | **183250** |
| 18-19 B-18 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് | 3581315 | 83250 |

പോസ്റ്റ് മാറ്റി സ്ഥാപിക്കൽ(71/18) പ്രോജക്ടിനായി കെ.എസ്.ഇ.ബിയിൽ ഡെപ്പോസിറ്റ് ചെയ്ത 100000/- രൂപ RP47 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല. പ്രസ്തുത തുക B18ഷെഡ്യൂളിലും നീക്കിയിരിപ്പായി കാണിച്ചിട്ടില്ല.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ

തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് | ജി.ഒ.(എം.എസ്)നം. 68/2018/ എൽ.എസ്.ജി.ഡി. തീയതി 18.05.18 | 3334163 | 0 | 0 | 0 | 3334163 |

## 4-6 സ്ഥിര നിക്ഷേപം

ഇല്ല.

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഇല്ല.

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 58824362 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 58394921 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 2899645 |

(ബി). <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല.

<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-19 (II) | 206000 | ശ്രീമതി ഓമന ദേവദാസ്, സെക്രട്ടറി |
| 1-20 (I) | 85270 | ശ്രീമതി ഓമന ദേവദാസ്, സെക്രട്ടറി |
| 1-20(II) | 30000 | ശ്രീമതി ഓമന ദേവദാസ്, സെക്രട്ടറി |
| 1-23 | 2408601 | ശ്രീമതി ഓമന ദേവദാസ്, സെക്രട്ടറി |
| 1-25 | 51424 | ഡോ.ഷിജു എസ് വി, വെറ്റിനറി സർജൻ |
| 1-36 | 118350 | ശ്രീമതി ബിന്ദു ജെ എസ്,<br>ഐ സി ഡി എസ് സൂപ്പർവൈസർ |

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല.

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല.

**(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | സ്ഥിരം മേൽവിലാസം |
|---|---|
| ശ്രീമതി ഓമന ദേവദാസ്, സെക്രട്ടറി | TC 13/1804-3, എ. ആർ. ആർ. എ 32,<br>അവിട്ടം റോഡ്, മെഡിക്കൽ കോളേജ് -11 |
| ഡോ.ഷിജു എസ് വി, വെറ്റിനറി സർജൻ | അനശ്വര, നെടുങ്കാട്, കരമന |
| | |

| | |
|---|---|
| ശ്രീമതി ബിന്ദു ജെ എസ്, ഐ സി ഡി എസ് സൂപ്പർവൈസർ | രേവതി, പുരവൂർ പാലത്തിന് സമീപം, പുരവൂർ പി. ഒ, ചിറയിൻകീഴ് |

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം, ഖണ്ഡിക നമ്പർ | റിമാർക്സ് |
|---|---|---|---|
| 2004-05 | കെ.എസ് .എ.റ്റി .വി.എം. ജി.പി. 8/950/ 2018 , 08.05.2018 | 3 (3.1,3.5,3.6) | |
| 2006-07 | കെ.എസ് .എ.റ്റി .വി.എം. ജി.പി. 8/950/ 2018 , 08.05.2018 | 3 (3.6,3.7,3.8) | |
| 2007-08 | കെ.എസ് .എ.റ്റി .വി.എം. ജി.പി. 8/950/ 2018 , 08.05.2018 | 5 (3.11,3.16,3.17,3.18, 3.19) | |
| 2008-09 | കെ.എസ് .എ.റ്റി .വി.എം. ജി.പി. 8/950/ 2018 , 08.05.2018 | 4 (3.1,3.6,3.8,3.9) | |
| 2009-10 | കെ.എസ് .എ.റ്റി .വി.എം. ജി.പി. 8/950/ 2018 , 08.05.2018 | 6 (2.2,3.2,3.3,3.4,3.5,4.3) | |
| 2010-11 | കെ.എസ് .എ.റ്റി .വി.എം. ജി.പി. 8/950/ 2018 , 08.05.2018 | 6 (2.1,2.2,2.3,3.2,3.4,4.6) | |
| 2012-13 | കെ.എസ് .എ.റ്റി .വി.എം. ജി.പി. 8/950/ 2018 , 08.05.2018 | 11 (2.2,2.3,2.4,2.5,3.1,3.2, 3.3,3.4,3.6,3.10,3.11) | |
| 2013-14 | കെഎസ്എ.റ്റി.വി.എം/ ജി.പി.8/1367/2015, 17.10.2015 | 4 (3.2,3.6,3.12,3.16) | |
| 2014-15 | കെ.എസ്.എ.റ്റി.വി.എം.ജി.പി.8/ 1399/2016, 03.08.2016 | 3 (2.2,3.1,3.3) | |
| 2015-16 | കെ എസ്. എ/ റ്റി. വി. എം/ ജി. പി. 6/2196 /2016, 28.12.2016 | 4 (2.2,3.1,3.2,3.3) | |
| 2016-17 | കെ.എസ്.എ.റ്റി.വി.എം/ജി.പി .8/1615/2017, 04.08.2017 | 9 (2.1,2.2,2.3,2.4,2.5,2.10, 3.1,3.6,3.9) | |
| 2017-18 | കെ.എസ്.എ.റ്റി.വി.എം/ജി.പി | 33 | |

| | 8/2556/18 | | |
|---|---|---|---|

ഒപ്പ്

**ഡെപ്യൂട്ടി ഡയറക്ടർ,**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.**

# 5-1 അനുബന്ധം - 1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലേ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് , ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തിരുവനന്തപുരം ജില്ലയിലെ **അഞ്ചുതെങ്ങ് ഗ്രാമപഞ്ചായത്തിന്റെ 2018-19** സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റുകൾ പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ, എന്റെ അഭിപ്രായത്തിൽ **അഞ്ചുതെങ്ങ് ഗ്രാമപഞ്ചായത്തിന്റെ 2018-19**-ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഒപ്പ് **ഡെപ്യൂട്ടി ഡയറക്ടർ,**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**